കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# തൃക്കലങ്ങോട് ഗ്രാമപഞ്ചായത്ത്

# 2015-16

## ഓഡിറ്റ് റിപ്പോർട്ട്

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

e-mail:dompm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.എം.പി.എം.5/3398/2016 കേരള സംസ്ഥാന ഓഡിറ്റ്
ജില്ലാ ഓഡിറ്റ് കാര്യാലയം,മലപ്പുറം
തീയതി :07.02.2017

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് സെക്രട്ടറി മുഖേന

തൃക്കലങ്ങോട് ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം :തൃക്കലങ്ങോട് ഗ്രാമപഞ്ചായത്ത് - 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തൃക്കലങ്ങോട് ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ 2-1 ഖണ്ഡികയിലേയ്ക്കും ഭാഗം 3ലെ 3-2 ഖണ്ഡികയിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)കേരളസംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ,മലപ്പുറം.

3)കാര്യാലയ പകർപ്പ്

നം കെ.എസ്.എ.എം.പി.എം .5/3398 /2016 തിയ്യതി:07.02.2017

മലപ്പുറം ജില്ലയിലെ തൃക്കലങ്ങോട് ഗ്രാമപഞ്ചായത്തിന്റെ 2015-16സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ തൃക്കലങ്ങോട് ഗ്രാമപഞ്ചായത്തിന്റെ 2015-16സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 28-06-16 മുതൽ 04-12-16 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 22 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 11 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.
സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട | ശ്രീ.ഷാജഹാൻ.എ.എസ് |

| | | |
|---|---|---|
| ഉദ്യോഗസ്ഥൻ | | |
| | ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 05-12-2016 മുതൽ 19-12-2016 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.അബ്ദുൽ സത്താർ.സി.പി | ഓഡിറ്റ് ഓഫീസർ |
| | ശ്രീ.അഷ്റഫ്.കെ.പി | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീമതി.ജമീല.കെ. കൊട്ടേക്കാടൻ | ഓഡിറ്റർ |

ബി)നിർവ്വഹണാധികാരികൾ

| | | | |
|---|---|---|---|
| പ്രസിഡന്റ് | 1 | ശ്രീമതി.അജിത നന്നാട്ടുപുറത്ത് | 01-04-15മുതൽ 21-01-16 വരെ |
| | 2 | ശ്രീ.എൻ.എം.കോയ മാസ്റ്റർ | 22-01-16 മുതൽ 31-03-16 വരെ |
| സെക്രട്ടറി | 1<br>2<br>3<br>4<br>5 | ശ്രീ.പ്രോമരാജൻ.യു<br>ശ്രീ. രാഘവൻ.പി.പി., അസി.സെക്രട്ടറി (ഇൻ ചാർജ്ജ്)<br>ശ്രീ.പ്രോമരാജൻ.യു<br>ശ്രീ.വേണു.പി<br>ശ്രീമതി.സൽമാബീവി.പി.എസ് | 01-04-15മുതൽ 25-05-15 വരെ<br>26-05-15മുതൽ 25-06-15 വരെ<br>26-06-15മുതൽ 22-07-15 വരെ<br>23-07-15മുതൽ 14-02-16 വരെ<br>15-02-16മുതൽ 31-03-16 വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | | |

| ഉദ്യോഗപ്പേര് | | പേര് | കാലയളവ് |
|---|---|---|---|
| ഐ.സി.ഡി.എസ് സൂപ്പർ വൈസർ | 1<br>2 | ശ്രീമതി. ഗീത.സി<br>ശ്രീമതി.ആമിന.ബി | 01-04-15മുതൽ 31-04-15 വരെ<br>01-05-15മുതൽ 31-03-16 വരെ |
| കൃഷി ഓഫീസർ | 1<br>2<br>3<br>4 | ശ്രീമതി.മെഹറുന്നീസ.പി.എം<br>ശ്രീ.സുബൈർ ബാബു<br>ശ്രീമതി.മെഹറുന്നീസ.പി.എം<br>ശ്രീമതി.ആഷ്ലി ജോർജ്ജ് | 01-04-15മുതൽ 03-06-15 വരെ<br>04-06-15മുതൽ 27-07-15 വരെ<br>28-07-15മുതൽ 17-12-15 വരെ<br>18-12-15മുതൽ 31-03-16 വരെ |
| വെറ്ററിനറി സർജൻ | 1<br>2 | ഡോ.റജീഷ്<br>അഞ്ജു.പി | 01-04-15മുതൽ 30-12-15 വരെ<br>31-12-15മുതൽ 31-03-16 വരെ |
| വി.ഇ.ഒ | | ശ്രീ.സൈനുദ്ദീൻ.കെ | 01-04-15മുതൽ 31-03-16 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | | ശ്രീ.മുഹമ്മദ് അൻസാർ | 01-04-15മുതൽ 31-03-16 വരെ |
| മെഡിക്കൽഓഫീസർ (ആയുർവേദം) | | ശ്രീ.എം.ദാമോദരൻ | 01-04-15മുതൽ 31-03-16 വരെ |
| മെഡിക്കൽ ഓഫീസർ | 1 | ഡോ.ഹീര | 01-04-15മുതൽ |

| | | | |
|---|---|---|---|
| (അലോപ്പതി)<br>മെഡിക്കൽ ഓഫീസർ (ഹോമിയോ) | 2 | ഡോ.സഞ്ജു.എം.പി<br>ഡോ.ഹാരിസ് | 24-02-16 വരെ<br>25-02-16 മുതൽ 31-03-16 വരെ<br>01-04-15മുതൽ 31-03-16 വരെ |
| ഹെഡ്മാസ്റ്റർ | | ശ്രീ.കുഞ്ഞൻ | 01-04-15മുതൽ 31-03-16 വരെ |
| അസി.സെക്രട്ടറി | 1<br>2 | ശ്രീ.രാഘവൻ.പി.പി<br>ശ്രീ.ബാല നാരായണൻ | 01-04-15മുതൽ 01-09-15 വരെ<br>02-09-15മുതൽ 31-03-16 വരെ |

<u>ഉള്ളടക്കം</u>


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 | |
| 3 | വാർഷിക ധനകാര്യ പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 1-3 | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം | 1-6 | |
| 7 | തനത് വരുമാനം | 1-7 | |
| 8 | ക്ഷേമ പദ്ധതികൾ | 1-8 | |
| 9 | കാഷ് വെരിഫിക്കേഷൻ | 1-9 | |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 | |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 | |
| | ഭാഗം 2 | | |

| | | | |
|---|---|---|---|
| 12 | കളക്ഷൻ തുക ബാങ്കിൽ അടവാക്കാതെ തിരിമറി ചെയ്യുന്നു | 2-1 | |
| 13 | വസ്തു നികുതി - അപാകതകൾ | 2-2 | |
| 14 | തൊഴിൽ നികുതി -അപാകതകൾ | 2-3 | |
| | ഭാഗം - 3 | | |
| 15 | ഒരേ ട്രിപ്പ് ഷീറ്റിന്മേൽ രണ്ടു തവണ പണം നൽകിയത് അംഗീകരിക്കുന്നില്ല | 3-1 | |
| 16 | പരിരക്ഷ – മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല | 3-2 | |
| 17 | ആർജ്ജിതാവധി സറണ്ടർ- അധികം നല്കി. | 3-3 | |
| 18 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല. | 3-4 | |
| 19 | എസ്.സി ഭവന പുനരുദ്ധാരണം - ഗുണഭോക്താക്കളുടെ അർഹത പരിശോധിച്ചില്ല | 3-5 | |
| 20 | ഡ്രൈവിംഗ് ലൈസൻസ് ഇല്ലാത്ത എസ്.സി വികലാംഗർക്ക് മുച്ചക്ര വാഹനം നൽകി | 3-6 | |
| 21 | മരുന്ന് ലഭ്യമാക്കാൻ നടപടി സ്വീകരിക്കുന്നില്ല | 3-7 | |
| 22 | ചെലവുകളിലെ അപാകതകൾ | 3-8 | |
| 23 | ആശ്രയ പദ്ധതി | 3-9 | |
| 24 | അക്വിറ്റൻസ് രജിസ്റ്റർ പരിപാലിക്കുന്നതിലെ അപാകതകൾ | 3-10 | |
| 25 | സാധനങ്ങളുടെയും സേവനങ്ങളുടെയും സമാഹരണം -ചട്ടങ്ങൾ പാലിക്കുന്നില്ല. | 3-11 | |
| 26 | E-ടെണ്ടർ ഫോറം വില പഞ്ചായത്തു ഫണ്ടിൽ ലഭ്യമാക്കിയില്ല. | 3-12 | |

| | | | |
|---|---|---|---|
| 27 | ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല | 3-13 | |
| 28 | അർഹമായ നിരക്കിൽ SLI, GIS വരി ഈടാക്കിയില്ല. | 3-14 | |
| 29 | അസിസ്റ്റന്റ് എഞ്ചിനീയറുടെ പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ | 3-15 | |
| 30 | ഗുണഭോക്തൃ സമിതികൾ മുഖേനയുള്ള മരാമത്ത്പണികളിലെ അപാകതകൾ | 3-16 | |
| 31 | ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്- ബ്ലോക്ക്/ജില്ലാ പഞ്ചായത്ത് വിഹിതം വകയിരുത്തുന്നില്ല | 3-17 | |
| | ഭാഗം – 4 | | |
| 32 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് | 4-1 | |
| 33 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 34 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |
| 35 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 | |
| 36 | സ്ഥിരനിക്ഷേപങ്ങൾ | 4-5 | |
| 37 | ഓഡിറ്റ് റിക്കവറി | 4-6 | |
| 38 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 | |
| 39 | ഓഡിറ്റ് പ്രത്യവലോകനം | 4-8 | |
| 40 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 | |
| | അനുബന്ധം | | |
| 41 | ഓഡിറ്റ് സാക്ഷ്യപത്രം | 5 | |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16വർഷത്തെ ബജറ്റ് 28-03-2015 തിയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-07-15 | 29-07-16 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2015-16 | 17-12-16 | ഈ റിപ്പോർട്ടിന്റെ അനുബന്ധമായി ചേർത്തിട്ടുണ്ട്. |

2015-16 – ലെ വാർഷികക്കണക്ക് പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കണ്ടെത്തി.

1- വാർഷിക കണക്കിൽ കാണിച്ചിരിക്കുന്ന വസ്തു നികുതി ഡിമാന്റ്, കുടിശ്ശിക ഡിമാന്റ് എന്നിവ യഥാർത്ഥമല്ല.

2- സ്ഥാവര ജംഗമ ആസ്തികളുടെ വിവരം പൂർണ്ണമല്ല.

3- ബാലൻസ് ഷീറ്റിലെ B-17 ഷെഡ്യൂളിൽ താഴെ പറയുന്ന അക്കൗണ്ടിലെ തുകകൾ B-4 ഷെഡ്യൂളിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല.

| അക്കൗണ്ടിന്റെ പേര് | B-17 ഷെഡ്യൂളിൽ കാണിച്ചിരിക്കുന്ന തുക | B-4 ഷെഡ്യൂളിൽ കാണിച്ചിരിക്കുന്ന തുക | വ്യത്യാസം |
|---|---|---|---|
| SSA | 1072920 | 41663 | 1031257 |
| WESTERN GHAT | 197370 | 36333 | 161037 |

4- വസ്തു നികുതി മുൻ വർഷങ്ങളിലെ അധിക ഡിമാന്റ് കാരണം പിരിച്ചെടുത്ത തുകകൾ ക്രമീകരിക്കുന്നതിന്
ജേണൽ എൻട്രി നടത്തിയിട്ടില്ല.

5-അത് പോലെ വസ്തു നികുതി കുടിശ്ശികയിൽ അധികം കിടക്കുന്ന തുകകൾ ക്രമീകരിക്കുന്നതിന് ജേണൽ
എൻട്രി നടത്തിയിട്ടില്ല.

6- പഞ്ചായത്തിന് പിരിഞ്ഞ് കിട്ടാനുള്ള / ലഭിക്കാനുള്ളവയിൽ സംശയാസ്പദമായ തുകക്ക് പ്രൊവിഷൻ

രേഖപ്പെടുത്തിയിട്ടില്ല.

7- ഓരോ മാസവും 10 - ാം തീയതിക്കകം കഴിഞ്ഞ മാസത്തെ റസീറ്റ് & പേയ്മെന്റ് പത്രിക തയ്യാറാക്കി

ധന കാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ അംഗീകാരം വാങ്ങുന്നില്ല.

8- ഇടപാടുകൾ നടക്കാത്ത താഴെ പറയുന്ന തനത് അക്കൗണ്ടുകൾ ക്ലോസ് ചെയ്യാൻ ഭരണസമിതി തീരുമാനമെടുത്തിട്ടുണ്ടെങ്കിലും നാളിത് വരെ ക്ലോസ് ചെയ്തിട്ടില്ല.

| ബാങ്കിന്റെ പേര് | അക്കൗണ്ട് നമ്പർ | നീക്കിയിരിപ്പ് തുക |
|---|---|---|
| കോ- ഓപ്പറേറ്റീവ് അർബൻ ബാങ്ക് , മഞ്ചേരി | 3250 | 43797 |
| തൃക്കലങ്ങോട് സർവ്വീസ് സഹകരണ ബാങ്ക് | 2393 | 19361 |
| -ടി- | 1366 | 41271 |

## 1-4 സാമ്പത്തിക വിശകലനം

മുന്നിരിപ്പ് - 43426199

വരവ് – 51855476

ആകെ - 95281675

ചെലവ് - 71778242

നീക്കിയിരിപ്പ് – 23503433

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് (സർക്കാർ പിൻവലിച്ചത്) | നീക്കിയിരിപ്പ് (RP40Bപ്രകാരം | ചെലവ് ശതമാനം |
|---|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 4474882 | 19350533 | 23825415 | 17371393 | 6454022 | 0 | 73 |
| വികസനഫണ്ട് എസ്.സി.പി | 5187036 | 8329726 | 13516762 | 9118178 | 4398584 | 0 | 67 |
| വികസനഫണ്ട് ടി.എസ്.പി | 81680 | 139461 | 221141 | 72141 | 149000 | 0 | 33 |
| സംരക്ഷണഗ്രാന്റ് റോഡ് | 552216 | 4194000 | 4746216 | 4660429 | 85787 | 0 | 98 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 262454 | 5214000 | 5476454 | 4149680 | 1326774 | | 76 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 1638503 | 5456120 | 7094623 | 6489474 | 605149 | 0 | 91 |
| പെർഫോമൻസ് ഗ്രാന്റ് | 5503000 | - | 5503000 | 4608854 | 894146 | 0 | 84 |
| എം.എൻ. ആർ. ഇ. ജി. എസ് | 2873 | 16576721 | 16579594 | 16571757 | 7857 | 7857 | 99.9 |
| ബി ഫണ്ട് | - | 49795070 | 49795070 | 49795070 | - | 0 | 100 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 273 | 81911290 | 209 | 60695730 | 34 | 30 | 77 |

## 1-7 തനത് വരുമാനം

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 14.49 ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 4689668 | 4302559 | 387109 | 8.25(-) |
| നികുതിയേതര വരവുകൾ | 914265 | 952470 | 38205 | 4.18(+) |
| മറ്റുവരവുകൾ | 321257 | 380893 | 59636 | 18.56(+) |
| ആകെ | 5925190 | 5635922 | 289268 | 14.49(+) |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 714120 | 362 |
| കർഷകതൊഴിലാളി പെൻഷൻ | 4208220 | 463 |
| വിധവാപെൻഷൻ | 17093920 | 1536 |
| വാർദ്ധക്യകാലപെൻഷൻ | 19021920 | 2072 |
| വികലാംഗപെൻഷൻ | 6518860 | 553 |
| അവിവാഹിതരായ 50 വയസ്സിന് മുകളിലുള്ള സ്ത്രീകൾക്കുള്ള പെൻഷൻ | 1078880 | 96 |
| വിവാഹ ധനസഹായം | 120000 | 4 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 13-12-2016-ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. പരിശോധനയിൽ കണ്ടെത്തിയ അപാകത ഭാഗം 2- ൽ ഖണ്ഡിക നമ്പർ 2-1 ആയി ചേർത്തിട്ടുണ്ട്.

## 1-10 ആഭ്യന്തരനിയന്ത്രണം

ആഭ്യന്തര നിയന്ത്രണ സംവിധാനം തൃപ്തികരമല്ല. ഓഡിറ്റിൽ കണ്ടെത്തിയ പ്രധാന

അപാകതകൾ താഴെ കൊടുക്കുന്നു.

(എ) ആസ്തി രജിസ്റ്റർ കാലികമാക്കുന്നില്ല.

നിർവ്വഹണ ഉദ്യോഗസ്ഥർ ജംഗമ വസ്തുക്കൾ വാങ്ങുന്നത് ആസ്തി രജിസ്റ്ററിൽ ചേർക്കുന്നില്ല. ഉദാഹരണത്തിന്, അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രോജക്റ്റ് നമ്പർ S00272/16 'പുളിങ്ങോട്ടുപുറം, പ്രാക്കുന്ന്, പേഴുങ്ങാട് എസ്.സി കോളനികളിൽ തെരുവ് വിളക്കുകൾ സ്ഥാപിക്കൽ' എന്ന പദ്ധതിയുടെ ഭാഗമായി വികസന ഫണ്ടിൽ നിന്നും 1,78,928/- രൂപ ചെലവഴിച്ച് 36 വാട്ടിന്റെ 4 തെരുവ് വിളക്കുകൾ വാങ്ങിയിട്ടുണ്ടെങ്കിലും ജംഗമ വസ്തുക്കളുടെ വിവരം ചേർക്കേണ്ട ആസ്തി രജിസ്റ്ററിന്റെ അനുബന്ധം IV -ൽ ഈ വിവരം ചേർത്തിട്ടില്ല. അത് പോലെ മെയിന്റനൻസ് ഗ്രാന്റ്- നോൺ റോഡിൽ നിന്നും 2,99,982 രൂപ ചെലവഴിച്ച് ഹെഡ് മാസ്റ്റർ വാങ്ങിയ 49 വീതം ബെഞ്ചും ഡെസ്കും ആസ്തി രജിസ്റ്ററിൽ വന്നിട്ടില്ല. ഇത്തരം വാങ്ങലുകൾ പരിശോധിച്ച് മുഴുവൻ വിവരവും ചേർത്ത് ആസ്തി രജിസ്റ്റർ കാലികമാക്കേണ്ടതാണ്.

(ബി)- സാധന സാമഗ്രികൾ വാങ്ങുന്നതിൽ സ്റ്റോർ പർച്ചേസ് മാനുവൽ പ്രകാരമുള്ള നടപടി ക്രമങ്ങൾ പാലിക്കുന്നില്ല. വിശദാംശങ്ങൾ ഭാഗം 3- ൽ പരാമർശിച്ചിട്ടുണ്ട്.

(സി) - ഓഫീസും പരിസരവും വൃത്തിയായി സൂക്ഷിക്കുന്നില്ല.

(ഡി) -നിർവ്വഹണോദ്യാഗസ്ഥരായ മെഡിക്കൽ ഓഫീസർ(പി.എച്ച്.സി), മെഡിക്കൽ ഓഫീസർ (ആയുർവേദം) ,ഐ.സി.ഡി.എസ് സൂപ്പർവൈസർ, വെറ്ററിനറി സർജൻ തുടങ്ങിയവർ പ്രോജക്റ്റ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 29-11-16 | 10/2016 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 22-03-14മുതൽ 23-04-14 വരെ | 2008-09 മുതൽ 2012-13വരെ | 14-10-15 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 കളക്ഷൻ തുക ബാങ്കിൽ അടവാക്കാതെ തിരിമറി ചെയ്യുന്നു

ഡേ ബുക്ക് പ്രകാരം 09-12-16 ലെ കളക്ഷൻ തുക 6088 രൂപയാണെങ്കിലും, 12-12-2015 ന് രാവിലെ 10.15- ന് ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തിയ കാഷ് ബാലൻസ് പരിശോധനയിൽ, ചെസ്റ്റിൽ 4,040 രൂപ മാത്രമേ നീക്കിയിരിപ്പുള്ളതായി കാണാൻ സാധിച്ചുള്ളൂ. 10-12-16, 11-12-16, 12-12-16 എന്നീ ദിവസങ്ങൾ അവധി ദിവസങ്ങളായതിനാൽ മേൽ തുക ബാങ്കിൽ അടവാക്കിയിരുന്നില്ല. ആയത് കൊണ്ട് തന്നെ 6088 രൂപയും ചെസ്റ്റിൽ കാണേണ്ടതായിരുന്നു. 2048 രൂപ ചെസ്റ്റിൽ കുറവാണെന്ന കാര്യം സെക്രട്ടറി സാക്ഷ്യപ്പെടുത്തി നൽകിയിട്ടുണ്ട്.

മേൽ അപാകതക്ക് 19-12-16 -ലെ 6646/2016 നമ്പർ കത്ത് പ്രകാരം അക്കൗണ്ടന്റ് വിശദീകരണം നൽകുകയുണ്ടായി. നവമ്പർ 2016 – ലെ മെമ്പർമാരുടെ ഹോണറേറിയം ലഭിക്കാത്തതിനാൽ താൻ കടുത്ത സാമ്പത്തിക ബുദ്ധിമുട്ടിലാണെന്നും 2000 രൂപയെങ്കിലും തൽക്കാലം അനുവദിച്ച് തരണമെന്നുമുള്ള ശ്രീമതി ആമിന പുത്തൻപുരക്കൽ , 7ാം വാർഡ് മെമ്പറുടെ 08-12-16 – ലെ അപേക്ഷയുടെ

അടിസ്ഥാനത്തിൽ സെക്രട്ടറിയുടേയും പ്രസിഡന്റിന്റേയും വാക്കാലുള്ള നിർദ്ദേശ പ്രകാരമാണ് 2048 രൂപ നൽകിയതെന്നാണ് അറിയിച്ചിട്ടുള്ളത്.

കളക്ഷൻ തുക ബാങ്കിൽ അന്നോ, തൊട്ടടുത്ത പ്രവൃത്തി ദിവസമോ അടവാക്കാതെയും ചെലവുകൾക്ക് തുക പിൻവലിച്ച് നൽകാതെയും നേരിട്ട് വിനിയോഗം ഇപ്രകാരം നടത്തുന്നത് ഗുരുതരമായ വീഴ്ചയാണെന്ന കാര്യം ഭരണ സമിതിയുടെ ശ്രദ്ധയിൽ പെടുത്തുന്നു. ഭാവിയിൽ ഇത്തരം അപാകതകൾ വരുത്താതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 2-2 വസ്തു നികുതി - അപാകതകൾ

2015-16 വർഷത്തെ വസ്തുനികുതി അസസ്സ്മെന്റ് രജിസ്റ്ററുകളും അനുബന്ധ രേഖകളും പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾകാണുന്നു.

1) താഴെ പറയുന്ന കെട്ടിടത്തിന് വസ്തു നികുതി നിർണ്ണയിച്ചതിൽ കുറവുള്ളതായി കാണുന്നു

| രജിസ്റ്ററിലെ ക്രമനമ്പർ | വാർഡ് നമ്പർ/കെട്ടിടനമ്പർ | ഉടമസ്ഥന്റെ പേര് | തറ വിസ്തീർണ്ണം | കെട്ടിടത്തിന്റെ ഉപയോഗം |
|---|---|---|---|---|
| 3 | XIX/IA | ഹസ്സർ പി | 19m2 | വാണിജ്യം |

| വസ്തു നികുതി കണക്കാക്കിയത് | | | വസ്തുനികുതി കണക്കാക്കേണ്ടത് | | |
|---|---|---|---|---|---|
| അടിസ്ഥാന വസ്തുനികുതി | | 760 | അടിസ്ഥാന വസ്തുനികുതി | | 760 |
| വർദ്ധനവ് | ( 20% ) | + 152 | വർദ്ധനവ് | (20% ) | + 152 |
| ഇളവ് | (10%) | - 91 | ഇളവ് | (10%) | -76 |
| ആകെ | | 821 | ആകെ | | 836 |

വ്യത്യാസം = 15

2) അസസ്സ്മെന്റ് രജിസ്റ്ററിലെയും ഡിമാന്റ് രജിസ്റ്ററിലെയും തുകകൾ തമ്മിൽ വ്യത്യാസം കാണുന്നു.

| അസസ്സ്മെന്റ് രജിസ്റ്ററിലെ ക്രമനമ്പർ | വാർഡ് നമ്പർ/കെട്ടിട നമ്പർ | ഉടമസ്ഥന്റെ പേര് | തറ വിസ്തീർണ്ണം /ഉപയോഗം | അസസ്സ്മെന്റ് രജിസ്റ്ററിലെ തുക | ഡിമാന്റ് രജിസ്റ്ററിലെ തുക | വ്യത്യാസം |
|---|---|---|---|---|---|---|
| 687 | XXI/656Q | ഗോപിനാഥ്.പി.എം | 16m2 (Commercial) | 768 | 735 | 33 |
| 335 | IX/166B | രാജേഷ് പി.സി | 65m2 | 286 | 281 | 5 |

3) അസസ്സ്മെന്റ് രജിസ്റ്റർ പ്രകാരം താഴെ പറയുന്ന കെട്ടിടങ്ങൾക്ക് നികുതി നിർണ്ണയിച്ചിട്ടുണ്ടെങ്കിലും അവ ഡിമാന്റ് രജിസ്റ്ററിൽ ഉൾപ്പെടുത്തിക്കാണുന്നില്ല.

| അസസ്സ്മെന്റ് രജിസ്റ്ററിലെ ക്രമനമ്പർ | വാർഡ് നമ്പർ/കെട്ടിട നമ്പർ | ഉടമസ്ഥന്റെ പേര് | വസ്തുനികുതി നിർണ്ണയിച്ചത് |
|---|---|---|---|
| 700 | I/54A | എം ടി ബഷീർ | 634 |
| 258 | XIII/103A | ചോലയിൽ മുഹമ്മദ് | 550 |

| | | | |
|---|---|---|---|
| 7 | XIX/63A | സുലൈഖ പി.ടി | 2286 |
| 8 | VIII/263 | ഇബ്രാഹിം | 484 |
| 62 | V/251A | മൊയ്തീൻ | 257 |
| 104 | II/5A | അബ്ദുൽസലാം | 1248 |
| 103 | I/121A | ഇന്ദിര.കെ | 280 |
| 102 | II/266A | ജാനകി& സുരേഷ് ഗോപി | 304 |
| 101 | VIII/646 | മുഹമ്മദ് ടി.പി&ആയിഷ | 280 |
| 90 | XVIII/306A | ബിജോയ് | 716 |
| 91 | XXII/204B | സലാഹുദ്ദീൻ | 782 |
| 93 | XI/193C | ശ്യാംകുമാർ | 930 |
| 95 | II/12A | ഉമ്മർകുട്ടി.എൻ.പി | 3600 |
| 96 | II/12B | “ | 1200 |
| 97 | II/12C | “ | 1200 |
| 98 | II/12D | “ | 1200 |
| 99 | II/12E | “ | 240 |
| 100 | II/12F | “ | 240 |

മേൽ വിഷയത്തിലുള്ള വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി (നമ്പർ 22/17-12-16) നൽകിയതിന് , വസ്തുനികുതി നിർണ്ണയിച്ചതിലെ അപാകത പരിഹരിച്ചതായും പിരിച്ചെടുത്തതിൽ കുറവ് വന്ന തുക ഉടനെ തന്നെ അടവാക്കുന്നതാണെന്നും, അസസ്സ്മെന്റ് രജിസ്റ്ററിലെയും ഡിമാന്റ് രജിസ്റ്ററിലെയും തുകകൾ തമ്മിലുള്ള വ്യത്യാസം ക്രമീകരിച്ചതായും, ക്രമനമ്പർ (3) ൽ സൂചിപ്പിച്ച വിവരങ്ങൾ സഞ്ചയയിൽ ഉൾപ്പെടുത്തിയതായും മറുപടി നൽകിയിട്ടുണ്ട്.

വസ്തുനികുതി പിരിച്ചെടുത്തതിൽ കുറവ് വന്ന തുക (15+33+5) ഈടാക്കി രശീതി സഹിതം അറിയിക്കേണ്ടതും അസസ്സ്മെന്റ് രജിസ്റ്റർ പ്രകാരം വസ്തുനികുതി നിർണ്ണയിച്ച എല്ലാ കെട്ടിടങ്ങളുടെയും വിവരങ്ങൾ ഡിമാന്റ് രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടുണ്ടെന്ന് പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതുമാണ്.

## 2-3 തൊഴിൽ നികുതി -അപാകതകൾ

2015-16വർഷത്തിലെ തൊഴിൽനികുതി റിട്ടേണുകളും രജിസ്റ്ററുകളും പരിശോധിച്ചതിൽ താഴെപറയുന്ന സ്ഥാപനങ്ങളുടെ സ്ഥാപന തൊഴിൽ നികുതി അടവാക്കിയതായി കാണുന്നില്ല.

1) ബി എസ് എൻ എൽ തൃക്കലങ്ങോട് (ഒന്നും രണ്ടും അർദ്ധ വർഷങ്ങൾ)

2) കെ എസ് ഇ ബി ഇലക്ട്രിക്കൽ സെക്ഷൻ തൃക്കലങ്ങോട് (രണ്ടാം അർദ്ധ വർഷം)

ചെറുകുളം ജിഎൽ പി സ്കൂളിലെ ജീവനക്കാരുടെയും ഗ്രാമ പഞ്ചായത്ത് ഓഫീസിലെ TA, ഡ്രൈവർ എന്നിവരുടെയും രണ്ടാം അർദ്ധ വർഷത്തിലെ തൊഴിൽ നികുതിയും അടവാക്കിയതായി കാണുന്നില്ല.

ഇതുമായി ബന്ധപ്പെട്ട് ഓഡിറ്റ് അന്വേഷണം (നം 14/ 15-12-16) നൽകിയതിന് മറുപടി ഹാജരാക്കിയിട്ടില്ല.

മേൽ സ്ഥാപനങ്ങളുടെയും ജീവനക്കാരുടെയും തൊഴിൽനികുതി അടവാക്കിയ വിവരം പ്രഥമ മറുപടിയിൽ തന്നെ അറിയിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 ഒരേ ട്രിപ്പ് ഷീറ്റിന്മേൽ രണ്ടു തവണ പണം നൽകിയത് അംഗീകരിക്കുന്നില്ല

അലോപ്പതി മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ 'രോഗ പ്രതിരോധ കുത്തിവെപ്പിന് വാഹന വാടക'(പ്രോജക്റ്റ് നമ്പർ 263/16)-യുടെ ഭാഗമായി രോഗ പ്രതിരോധ കുത്തിവെപ്പ് നടത്തുന്നതിനായി കുത്തിവെപ്പ് ക്യാമ്പ് ടീമിനെ വിവിധ സ്ഥലങ്ങളിൽ കൊണ്ടു പോയതിന് KL-10 B 7521 നമ്പർ ജീപ്പ് ഡ്രൈവർ ശ്രീ.മൂസാൻകുട്ടിക്ക്, 29-01-16 -ലെ 2/15-16 നമ്പർ ബിൽ പ്രകാരം വികസന ഫണ്ടിൽ നിന്നും പിൻവലിച്ച 35,450/-രൂപയിൽ നിന്നും വൗച്ചർ നമ്പർ 35 മുതൽ 38 വരെ താഴെ പറയും പ്രകാരം തുക നൽകിയിട്ടുണ്ട്.

| വൗച്ചർ നമ്പർ | കുത്തിവെപ്പിന് പോയ തീയതി | പോയ സ്ഥലങ്ങൾ | വാഹന വാടക |
|---|---|---|---|
| 35 | 08-09-15 | മരത്താണി, ഹാജിയാർപടി, കരിക്കാട് | 900 |
| 36 | 10-09-15 | പേലേപ്പുറം, ചെറുവണ്ണൂർ, ചെറുകുളം | 900 |
| 37 | 17-09-15 | മുതിരിക്കുന്ന്, സന്തോഷ്, ഷാപ്പിൻകുന്ന് | 950 |
| 38 | 19-09-15 | ട്രിപ്പ് ഷീറ്റ് വെച്ചിട്ടില്ല | 900 |

എന്നാൽ 30-03-16 -ലെ 8/15-16 നമ്പർ ബിൽ പ്രകാരം പിൻവലിച്ച 48,800/- രൂപയിൽ നിന്നും ഇതേ ട്രിപ്പ് ഷീറ്റ് വെച്ച് ഇതേ വാഹന ഡ്രൈവർ ശ്രീ. മൂസാൻകുട്ടിക്ക്, താഴെ പറയും പ്രകാരം തുക കൈമാറിയിട്ടുണ്ട്.

| വൗച്ചർ നമ്പർ | കുത്തിവെപ്പിന് പോയ തീയതി | പോയ സ്ഥലങ്ങൾ | വാഹന വാടക | റിമാർക്സ് |
|---|---|---|---|---|
| 1 | 08-09-15 | മരത്താണി, ഹാജിയാർപടി, കരിക്കാട് | 950 | മേൽ പട്ടികയിൽ ഇതേ സ്ഥലങ്ങളിൽ പോയതിന് 900 രൂപയാണ് നൽകിയത് |
| 2 | 10-09-15 | പേലേപ്പുറം, ചെറുവണ്ണൂർ, ചെറുകുളം | 900 | ടി. |
| 3 | 17-09-15 | മുതിരിക്കുന്ന്, സന്തോഷ്, ഷാപ്പിൻകുന്ന് | 1000 | മേൽ പട്ടികയിൽ ഇതേ സ്ഥലങ്ങളിൽ പോയതിന് 950 രൂപയാണ് നൽകിയത്. |
| 4 | 19-09-15 | ചെറാംകുത്ത്, കുമംകുളം, കാരക്കുന്ന് | 950 | മേൽ പട്ടികയിൽ 19-09-15 -ന് വാടകയിനത്തിൽ 900 രൂപ നൽകി. |
| | | ആകെ | 3800/- | |

വൗച്ചറുകളുടെ ആധികാരികത പരിശോധിക്കാതെ ഇപ്രകാരം അധിക തുക നൽകിയതിന് വിശദീകരണമാരാഞ്ഞ് 08-12-2016 – ന് നൽകിയ 1-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയില്ല. നഷ്ട തുക 3800/- രൂപ ഉത്തരവാദിയായ അലോപ്പതി മെഡിക്കൽ ഓഫീസറിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

## 3-2 പരിരക്ഷ – മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല

പാലിയേറ്റീവ് പരിചരണത്തിനായി നിലവിലുണ്ടായിരുന്ന മാർഗ്ഗരേഖ റദ്ദാക്കിക്കൊണ്ട് 29-10-2015-ന് സ.ഉ(ആർ.ടി) 3217/15/ത.സ്വ.ഭ.വ എന്ന നമ്പരിൽ സർക്കാർ പുതിയ മാർഗ്ഗരേഖ പുറപ്പെടുവിക്കുകയുണ്ടായി. മേൽ ഉത്തരവിലെ പല നിർദ്ദേശങ്ങളും മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തുന്ന പ്രോജക്റ്റ് നമ്പർ S0162/16'പരിരക്ഷ ഹോം കെയർ പദ്ധതിയിൽ' പാലിച്ചിട്ടില്ലെന്ന് ഫയൽ പരിശോധനയിൽ കണ്ടെത്തി. പ്രോജക്റ്റുമായി ബന്ധപ്പെട്ട് ഓഡിറ്റിന്റെ ശ്രദ്ധയിൽ പെട്ട പ്രധാന അപാകതകൾ ചുവടെ കൊടുക്കുന്നു.

1- പാലിയേറ്റീവ് കെയർ പ്രോജക്റ്റിന്റെ നടത്തിപ്പിനും പ്രവർത്തനങ്ങളുടെ മേൽനോട്ടം വഹിക്കുന്നതിനുമായി ഒരു പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മറ്റി ഓരോ സാമ്പത്തിക വർഷാരംഭത്തിന് മുമ്പും ഗ്രാമ പഞ്ചായത്ത് രൂപീകരിക്കേണ്ടതും പ്രസ്തുത കമ്മറ്റി 2 മാസത്തിലൊരിക്കലോ ഇടവേളകളിൽ ആവശ്യാനുസരണമോ യോഗം ചേർന്ന് തങ്ങളുടെ പരിധിയിൽ നടക്കുന്ന പാലിയേറ്റീവ് പ്രവർത്തനങ്ങൾ വിലയിരുത്തേണ്ടതും പോരായ്മകൾ പരിഹരിക്കുന്നതിനും പരിമിതികൾ മറികടക്കുന്നതിനും ആവശ്യമായ തീരുമാനങ്ങൾ കൈകൊള്ളേണ്ടതുമാണ്. എന്നാൽ 2015-16 – ൽ 21-05-15 -ന് മാത്രമാണ് പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മറ്റി യോഗം ചേർന്നതായി കാണുന്നത്. മിനുട്സ് ബുക്കിൽ തീരുമാനങ്ങൾ രേഖപ്പെടുത്തിയിട്ടുമില്ല.

2- അത് പോലെ പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾ ഫലപ്രദമായും സുഗമമായും മുന്നോട്ട് പോകുന്നതിനായി രൂപീകരിച്ച പാലിയേറ്റീവ് നിർവ്വഹണ കമ്മറ്റിയുടെ പ്രവർത്തനം ആശാവഹമല്ല. പ്രസ്തുത കമ്മറ്റി ഓരോ മാസവും 5-ാം തീയതിക്ക് മുമ്പായി യോഗം ചേർന്ന് ഓരോ മാസത്തെയും പ്രതിമാസ പ്രവർത്തന അവലോകന റിപ്പോർട്ടും വരവ് ചെലവ് കണക്കും രേഖാമൂലം അവതരിപ്പിക്കേണ്ടതും യോഗം അത് വിലയിരുത്തി അംഗീകരിക്കേണ്ടതുമാണ്. എന്നാൽ ഓഡിറ്റിനായി ഹാജരാക്കിയ റിവ്യൂ മീറ്റിംഗ് മിനുട്സ് ബുക്കിൽ ഓരോ മാസവും മീറ്റിംഗ് ചേർന്നതിന്റെ അറ്റൻറൻസ് മാത്രമേ രേഖപ്പെടുത്തിയിട്ടുള്ളൂ. . മേൽ നടപടി ക്രമങ്ങളൊന്നും പാലിക്കുന്നില്ല.

3- 23-08-12 -ലെ സ.ഉ (എം.എസ്)228/2012/ത.സ്വ.ഭ.വ നമ്പർ ഉത്തരവിൽ ഫോൺ ചെലവുകൾ വഹിക്കാൻ അനുമതി നൽകുന്നുണ്ടെങ്കിലും പുതുക്കിയ മാർഗ്ഗരേഖയിൽ ഫോൺ ചെലവിനെക്കുറിച്ച് പരാമർശിച്ചിട്ടില്ല. നവമ്പർ 2015 മുതൽ മാർച്ച് 2016 വരെ 5 മാസത്തേക്ക് 250/- രൂപ വീതം ആകെ 1250/- രൂപ ഈയിനത്തിൽ അധികം നൽകിയിട്ടുണ്ട്. (ബിൽ നമ്പർ 6/15-16 തീയതി 26-03-16 – 750/- രൂപ, ബിൽ നമ്പർ 07/15-16 തീയതി 31-03-16 – 500/- രൂപ )

4- പരിരക്ഷ ഹോംകെയർ രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും 26-08-2015 -ശേഷം 01-09-15 -നാണ് ഗൃഹ സന്ദർശനം നടത്തിയിട്ടുള്ളതെന്ന് മനസ്സിലാകുന്നു. എന്നാൽ 30-01-16 -ലെ 1/15-16 നമ്പർ ബിൽ പ്രകാരം വികസന ഫണ്ടിൽ നിന്നും പിൻവലിച്ച തുകയിൽ നിന്നും സബ് വൗച്ചർ നമ്പർ 42 പ്രകാരം വാഹന വാടകയിനത്തിൽ 1200/- രൂപയും സബ് വൗച്ചർ നമ്പർ 43 പ്രകാരം ഭക്ഷണ ചെലവിനത്തിൽ 450/- രൂപയും നൽകിയതായും കാണുന്നുണ്ട്.(പരിരക്ഷ ഹോം കെയർ രജിസ്റ്ററിന്റെ പകർപ്പ് തെളിവായി ശേഖരിച്ചിട്ടുണ്ട്)

5-പാലിയേറ്റീവ് കെയർ പ്രോജക്റ്റിന് വേണ്ടിയുള്ള എല്ലാ ചെലവുകളും (ഗൃഹ സന്ദർശനദിവസങ്ങളിൽ സന്നദ്ധ പ്രവർത്തകർക്കുള്ള ഭക്ഷണ ചെലവ് ഒഴികെ) ആർക്കാണോ തുക നൽകേണ്ടത്, ആ വ്യക്തിയുടെ / സ്ഥാപനത്തിന്റെ അക്കൗണ്ടിലേക്ക് നൽകുകയാണ് ചെയ്യേണ്ടത്. യാതൊരു കാരണവശാലും

പണമായോ, ചെക്കായോ, ഡിമാന്റ് ഡ്രാഫ്റ്റായോ തുക ചെലവഴിക്കാൻ പാടില്ല. ഈ നിബന്ധന പാലിക്കാത്തത് ഗുരുതരമായ വീഴ്ചയാണ്.

6- പാലിയേറ്റീവ് പരിചരണത്തിനായി പരമാവധി ദിവസ വാടക നിരക്കിന്റെ പരിധിക്ക് വിധേയമായി വാഹനം ദിവസ വാടകക്ക് എടുക്കാവുന്നതാണെങ്കിലും 45 കിലോമീറ്ററിന് മുകളിൽ ഓടുന്ന വാഹനത്തിന് മാത്രമേ പരമാവധി 1100/- രൂപ ദിവസ വാടക അനുവദിക്കാവൂ. എന്നാൽ ദൂര പരിധി നോക്കാതെ എല്ലാ ദിവസവും 1100/- രൂപ വീതമാണ് വാടക നൽകി വരുന്നത്. ഈ നടപടി ക്രമപ്രകാരമല്ല.

മേൽ അപാകതകൾക്ക് വിശദീകരണം നൽകാനാവശ്യപ്പെട്ട് 09-12-2016 – ന് നൽകിയ 2 -ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയില്ല. മാർഗ്ഗരേഖ ലംഘിച്ച് ഫോൺ ചാർജ്ജിനത്തിൽ നൽകിയ 1250/- രൂപയും പരിരക്ഷ ഹോംകെയറിന് പോകാത്ത ദിവസം വാഹന വാടക, ഭക്ഷണ ചെലവ് എന്നിവക്കായി നൽകിയ 1650 രൂപയും ഓഡിറ്റിൽ നിരാകരിക്കുന്നു. നഷ്ട തുക 2900/- രൂപ ഉത്തരവാദിയായ അലോപ്പതി മെഡിക്കൽ ഓഫീസറിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

അത് പോലെ വാഹന വാടകയിനത്തിൽ അധികം നൽകിയ നൽകിയ തുക കണക്കാക്കി ആയത് തിരികെ ഈടാക്കേണ്ടതും അപാകതകൾക്ക് വിശദീകരണം നൽകേണ്ടതുമാണ്.

## 3-3 ആർജ്ജിതാവധി സറണ്ടർ- അധികം നല്കി.

താഴെ പറയുന്ന വൗച്ചർ പ്രകാരം താൽക്കാലിക ജീവനക്കാരനായ ടെക്നിക്കൽ അസിസ്റ്റന്റിന് ആർജ്ജിതാവധി സറണ്ടർ അനുവദിച്ചിട്ടുണ്ട്. GO(P) No.324/2004/Fin12/7/2014 പ്രകാരം നിലവിലുള്ള 10 ദിവസത്തേക്ക് അനുവദിച്ച ആനുകൂല്യം 20 ദിവസത്തേക്ക് വർധിപ്പിച്ചെങ്കിലും, അർഹതയുണ്ടെങ്കിൽ മാത്രമേ നൽകാവൂയെന്ന് വ്യക്തമാക്കിയിട്ടുണ്ട്. താൽക്കാലിക ജീവനക്കാർക്ക് ഒരു വർഷത്തേക്ക് പരമാവധി സ്വരുക്കൂട്ടാവുന്ന ആർജ്ജിതാവധി 15 മാത്രമായതിനാൽ 20 ദിവസത്തേക്ക് സറണ്ടർ അനുവദിച്ചത് ക്രമത്തിലല്ല. കൂടാതെ ടിയാളുകളുടെ ലീവ് അക്കൌണ്ട് വിവരങ്ങൾ ഉൾപ്പെടുത്തിയുള്ള സെക്രട്ടറിയുടെ അനുമതി ഉത്തരവും ഫയലിൽ ചേർത്തിട്ടില്ല. വിശദ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | വൌച്ചർ നം. | തുക | അർഹം | അധികം |
|---|---|---|---|---|
| 1 | 21500526/20-11-15 | 13500/30*20=9,000 | 13500/30*15=6,750 | 2,250 |
| | ആകെ അധികം | | | 2,250 |

അധികം നല്കിയ തുക തിരിച്ചീടാക്കേണ്ടതാണ്.

## 3-4 വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല.

താഴെ പറയുന്ന വൗച്ചറുകൾ പ്രകാരം വിവിധ പദ്ധതികൾക്ക് തുക നല്കിയിട്ടുണ്ട്. അവയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല.

| ക്രമനം | വൌച്ചർ നം. | തുക | ചെലവു വിവരം |
|---|---|---|---|
| 1 | 21500421/1-10-15 | 14,20,000 | പ്രൊജക്ട് നം. 191/16. IAYഗ്രാ. പ. വിഹിതം ബ്ലോ.പ.ക്ക് നല്കൽ(ജനറൽ) |
| 2 | 21500422/1-10-15 | 6,40,000 | പ്രൊജക്ട് നം.251/16. IAYബ്ലോ. പ. വിഹിതം ഗ്രാ. പ.യിൽനിന്നും ബ്ലോ.പ.ക്ക് നല്കൽ(ജനറൽ) |
| 3 | 21500897/26-3-16 | 56,752 | പ്രൊജക്ട് നം. 290/16. കണ്ടാലപ്പറ്റ ഇലക്ട്രിക്ക് |

| | | | |
|---|---|---|---|
| | | | പോസ്റ്റ് മാറ്റി സ്ഥാപിക്കൽ |
| 4 | 21500946/31-3-16 | 58,850 | പ്രൊജക്ട് നം. 291/16. പുളിങ്ങോട്ടുപുറം കുടിവെള്ള പദ്ധതി- ഇലക്ട്രിക്ക് ലൈൻ സ്ഥാപിക്കൽ |
| | ആകെ | 21,75,602 | |

<u>മറ്റു അപാകതകൾ</u>

1) IAY വിഹിതം മുൻകൂർ കൈപ്പറ്റിയെങ്കിലും വിനിയോഗ സാക്ഷ്യപത്രമോ, ബാക്കി തുക തിരിച്ചടച്ച വിവരമോ ലഭ്യമല്ല. IAY രജിസ്റ്ററിലെ ബന്ധപ്പെട്ട പേജുകളുടെ പകർപ്പുകൾ സഹിതം ഗുണഭോക്താക്കളുടെ പേരു വിവരവും ഭവനങ്ങളുടെ നിർമാണഘട്ടവും ഉൾപ്പെടുത്തിയുള്ള വിശദമായ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

2) പ്രൊജക്ട് നം. 191/16. പ്രകാരം 71 വീടുകൾക്കാണ് വിഹിതം നല്കുന്നതെന്ന് പ്രൊജക്ട് രൂപീകരണ ഫോറത്തിൽ ഉണ്ട്, എന്നാൽ പ്രൊജക്ട് നം. 251/16. പ്രകാരം എത്ര വീടുകൾക്കാണ് എന്ന് വ്യക്തതയില്ല.

3) പ്രൊജക്ട് പ്രകാരമുള്ള IAY ഗുണഭോക്താക്കളുടെ പട്ടിക ഫയലിൽ ഇല്ല.

4) ബ്ലോക്ക് പഞ്ചായത്ത് തയ്യാറാക്കിയ IAY പ്രൊജക്ടിന്റെ പേരോ നമ്പരോ, പ്രൊ ഫോറമോ ഫയലിൽ ഇല്ല, വിഹിതം ആവശ്യപ്പെട്ടു കൊണ്ട് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി അയച്ച കത്തിലും ഈ വിവരങ്ങളില്ല.

വിശദീകരണം ലഭ്യമാക്കാൻ ഓഡിറ്റ് എൻക്വയറി മുഖേന ആവശ്യപ്പെട്ടെങ്കിലും, ലഭിച്ചിട്ടില്ലാത്തതിനാൽ, അപാകത പരിഹരിക്കുന്നതുവരെ ചെലവു തുക 21,75,602 രൂപ തടസ്സം ചെയ്യുന്നു.

## 3-5 <u>എസ്.സി ഭവന പുനരുദ്ധാരണം - ഗുണഭോക്താക്കളുടെ അർഹത പരിശോധിച്ചില്ല</u>

അസി.സെക്രട്ടറി നിർവ്വഹണം നടത്തിയ വീട് പുനരുദ്ധാരണത്തിനായി (എസ്.സി)(പ്രോജക്റ്റ് നമ്പർ 261/16) - വികസന ഫണ്ട് എസ്.സി.പി യിൽ നിന്നും താഴെ പറയും പ്രകാരം 4,20,000/- രൂപ ചെലവഴിച്ചിട്ടുണ്ട്.

| ബിൽ നമ്പർ/തീയതി | തുക |
|---|---|
| 7/15-16/15-02-16 | 50,000 |
| 9/15-16/16-03-16 | 1,20,000 |
| 13/15-16/20-03-16 | 2,50,000 |
| ആകെ – | 4,20,000 |

16-11-2013-ലെ ജി.ഒ.(എം.എസ്) 362/2013/ത.സ്വ.ഭ.വ നമ്പർ സബ്സിഡി മാർഗ്ഗ രേഖ പ്രകാരം വീട് നിർമ്മിച്ച് കുറഞ്ഞത് 8വർഷമെങ്കിലും കഴിഞ്ഞവർക്ക് മാത്രമേ പുനരുദ്ധാരണത്തിന് ധന സഹായം ലഭിക്കാൻ അർഹതയുള്ളുവെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ മേൽ ഗുണഭോക്താക്കളുടെ വീടിന്റെ പഴക്കം കാണിക്കുന്ന രേഖകളൊന്നും ഫയലിലില്ല. അപാകതകൾക്ക് വിശദീകരണം നൽകാനാവശ്യപ്പെട്ട് 13-12-2016 – ന് നൽകിയ 12 -ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ ആവശ്യമായ രേഖകൾ ഹാജരാക്കുന്നതാണെന്ന് അറിയിച്ചിരുന്നെങ്കിലും ഓഡിറ്റ് അവസാനിക്കുന്ന തീയതി (19-12-16) വരെയും രേഖകൾ ഹാജരാക്കിയിട്ടില്ല. ആയതിനാൽ മേൽ രേഖകളുടെ അഭാവത്തിൽ ചെലവ് തുക 4,20,000/- രൂപ തടസ്സത്തിൽ വെക്കുന്നു.

## 3-6 ഡ്രൈവിംഗ് ലൈസൻസ് ഇല്ലാത്ത എസ്.സി വികലാംഗർക്ക് മുച്ചക്ര വാഹനം നൽകി

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രോജക്റ്റ് നമ്പർ 260/16 'എസ്.സി വികലാംഗർക്ക് മുച്ചക്ര വാഹനം'എന്ന പദ്ധതിയുടെ ഭാഗമായി 19-03-16 – ലെ 11/15-16 നമ്പർ ബിൽ പ്രകാരം വികസന ഫണ്ടിൽ (എസ്.സി.പി)1,39,000/- രൂപ പിൻവലിച്ച്, കെൽട്രോൺ ഇലക്ട്രോസിറാമിക്സ് ലിമിറ്റഡ്, കുറ്റിപ്പുറം എന്ന സ്ഥാപനത്തിൽ നിന്നും സൈഡ് വീൽ ഘടിപ്പിച്ച 2സ്കൂട്ടറുകൾ വാങ്ങി, താഴെ പറയുന്ന ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തിട്ടുണ്ട്. കെൽട്രോൺ നിർമ്മിക്കാത്ത സ്കൂട്ടർ വിതരണം ചെയ്തതു എങ്ങിനെയെന്നും വ്യക്തമല്ല.മറ്റേതെങ്കിലും വാഹന ഏജൻസിയിൽ നിന്നും കെൽട്രോൺ വാങ്ങിയാണ് വിതരണം നടത്തിയതെങ്കിൽ വാഹന ഏജൻസിയുടെ ഒറിജിനൽ ബിൽ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

1- ശ്രീ. ദിവാകരൻ, പൊറ്റമ്മൽ, എളങ്കൂർ

2- ശ്രീമതി. വിജിന, മണിയംകോട്ടാലുങ്ങൽ, തൃക്കലങ്ങോട്

സ്കൂട്ടറുകൾ കൈമാറ്റം ചെയ്യില്ലെന്നും എത്രയും വേഗം ലൈസൻസ് എടുത്തു കൊള്ളാമെന്നും നിബന്ധന വെച്ച് കൊണ്ട് മേൽ ഗുണഭോക്താക്കളുമായി കരാറുടമ്പടി ചമച്ചിട്ടില്ല. ആയത് കൊണ്ട് തന്നെ മേൽ ഗുണഭോക്താക്കൾ നാളിത് വരെയും ലൈസൻസ് എടുത്തിട്ടില്ല. ലൈസൻസ് ഇല്ലാതെ വാഹനം ഓടിക്കുന്നത് മോട്ടോർ വാഹന നിയമ പ്രകാരം അനുവദനീയമല്ലാത്തതിനാലും അപകടം സംഭവിച്ചാൽ യാതൊരു ക്ലെയിമും ലഭിക്കാൻ ഇടയില്ലാത്തതിനാലും മേൽ ഗുണഭോക്താക്കളെ കൊണ്ട് നിർബന്ധമായും ലൈസൻസ് എടുപ്പിക്കേണ്ടതുണ്ട്.

13-12-2016- ന് നൽകിയ 8-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ, സബ്സിഡി മാർഗ്ഗരേഖയിൽ വികലാംഗർക്ക് മുച്ചക്ര വാഹനം നൽകുന്നതിന് ലൈസൻസ് വേണമെന്ന നിബന്ധന നിഷ്കർഷിക്കാത്തത് കൊണ്ടാണ് ലൈസൻസ് ഹാജരാക്കാതിരുന്നതെന്നും ഗുണഭോക്താക്കളുടെ കയ്യിൽ നിന്നും 200/- രൂപയുടെ മുദ്ര പത്രം ഒപ്പിട്ടു വാങ്ങിയിട്ടുണ്ടെന്നുമാണ് അസി. സെക്രട്ടറി അറിയിച്ചിട്ടുള്ളത്.

മേൽ മറുപടി അംഗീകരിക്കാവുന്നതല്ല. എഴുതി തയ്യാറാക്കിയ കരാറുടമ്പടിയും ഗുണഭോക്താക്കളുടെ ലൈസൻസും ഹാജരാക്കേണ്ടതാണ്.മേൽ കാരണങ്ങളാൽ ചെലവ് തുക 1,39,000/- രൂപ തടസ്സത്തിൽ വെക്കുന്നു.

## 3-7 മരുന്ന് ലഭ്യമാക്കാൻ നടപടി സ്വീകരിക്കുന്നില്ല

അലോപ്പതി മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ വിവിധ പ്രോജക്ടുകളുടെ ഭാഗമായി മരുന്ന് വിതരണം ചെയ്യുന്നതിനായി KMSCL -ന് തുക മുൻകൂറായി നൽകിയിരുന്നു. എന്നാൽ തുക കൈപ്പറ്റി നാളിത് വരെയായിട്ടും മുഴുവൻ മരുന്നും KMSCL ലഭ്യമാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| പ്രൊജക്റ്റ് നമ്പർ/ പേര് | തുക അടവാക്കിയ വിവരം | | ലഭിച്ച മരുന്ന് | | റിമാർക്സ് |
|---|---|---|---|---|---|
| | ഡി.ഡി. നമ്പർ/തീയതി | തുക | ഇൻവോയ്സ് നമ്പർ/ തീയതി | വില | |
| S0264/16'PHC -യിലേക്ക് മരുന്ന് വാങ്ങൽ' | 693767/330-03-16 | 3,00,000 | 2477/10-08-16<br>2478/10-08-16 | 1,67,683<br>56,630 | 75,687/-രൂപയുടെ മരുന്ന് ഇനിയും ലഭിക്കാനുണ്ട്. |
| S014/16' പരിരക്ഷ' | 693678/ 19-03-16 | 90,000 | 2475/10-0816 | 69,872 | 20,128രൂപയുടെ മരുന്ന് ഇനിയും ലഭിക്കാനുണ്ട്. |
| S0256/16' പരിരക്ഷ' | 693766/ 30-03-16 | 65,000 | 2481/10-08-16 | 40,342 | 24,658രൂപയുടെ മരുന്ന് ഇനിയും ലഭിക്കാനുണ്ട്. |

നിർവ്വഹണ ഉദ്യോഗസ്ഥനെന്ന നിലയിൽ, ഇനിയും ലഭിക്കാനുള്ള 1,20,473 രൂപയുടെ മരുന്നുകൾ ലഭ്യമാക്കാൻ മെഡിക്കൽ ഓഫീസർ സ്വീകരിച്ച തുടർനടപടി വിവരം ലഭ്യമാക്കാനാവശ്യപ്പെട്ട് 08-12-2016 – ന് നൽകിയ 3 -ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകാത്തതിനാൽ 1,20,473 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 3-8 ചെലവുകളിലെ അപാകതകൾ

താഴെ പറയുന്ന വൗച്ചറുകൾ പ്രകാരമുള്ള ചെലവുകളിൽ അപാകതകൾ കാണുന്നു.

| ക്രമ നം. | വൗച്ചർ നം. | തുക | ചെലവു വിവരം | അപാകതകൾ |
|---|---|---|---|---|
| 1 | 21500393/ 26-9-15 | 10,000 | കർഷക ദിനാചരണത്തിനായി കൃഷി ഓഫീസർക്ക് അനുവദിച്ചത് | കൃഷി ഓഫീസർ ഹാജരാക്കിയ ഫയലുകൾ പ്രകാരം 10,000രൂപയുടെ ചെലവു വിവരം ഉണ്ട്.വകുപ്പിൽ നിന്നും ലഭിച്ച 4000രൂപയുടെ ചെലവുകൾക്ക് മറ്റൊരു ഫയലും ഉണ്ട്. ഈയിനത്തിൽ ആകെ വരവും ചെലവും എത്രയെന്ന് |

| | | | | |
|---|---|---|---|---|
| | | | | വ്യക്തമല്ല.സ്വാഗതസംഘം അംഗീകരിച്ച വരവു ചെലവുകണക്കുകൾ ഹാജരാക്കിയില്ല. |
| 2 | 21500487/ 30-10-15 | 41,757 | ലൈബ്രറി സെസ് അടച്ചത് | കൈപ്പറ്റിയ വിവരം ലഭ്യമല്ല |
| 3 | 21500442/ 3-10-15 | 6,000 | സേവാ ഗ്രാമം ബോർഡ് തയ്യാറാക്കിയത്. | ബോർഡുകൾ പഞ്ചായത്ത് കാര്യാലയത്തിലെ രണ്ടാം നിലയിലെ ടോയ്‌ലെറ്റിനു സമീപം കിടക്കുന്നു. |
| 4 | 21500739/ 15-2-16 | 12,082 | ,, | ,, |
| | ആകെ | 69,839രൂപ | | |

അപാകതകൾ പരിഹരിക്കുന്നതു വരെ 69,839 രൂപയുടെ ചെലവു തടസ്സം ചെയ്യുന്നു.(ഓഡിറ്റ് എൻക്വയറി നം.10/13.12.2016 പ്രകാരം അപാകതകൾ ചൂണ്ടിക്കാണിച്ചെങ്കിലും പരിഹരിച്ചില്ല.)

## 3-9 ആശ്രയ പദ്ധതി

കുടുംബശ്രീ സംവിധാനത്തെ ഉപയോഗപ്പെടുത്തിക്കൊണ്ട് ദാരിദ്ര്യ നിർമ്മാർജ്ജന ഉപപദ്ധതിൽ അഗതികളുടെ പുനരധിവാസം ലക്ഷ്യമാക്കിയുള്ള ആശ്രയ പദ്ധതി തയ്യാറാക്കേണ്ടത് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ ചുമതലയാണ്. കുടുംബശ്രീ ആവിഷ്കരിച്ചിട്ടുള്ള ക്ലേശഘടകങ്ങളെ അടിസ്ഥാനമാക്കി അയൽക്കൂട്ടങ്ങൾ കണ്ടെത്തുന്ന അഗതി കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിന് ഭക്ഷണം, ആരോഗ്യ സുരക്ഷ, കിടപ്പാടം, പാർപ്പിടം, കുടിവെള്ളം, വിദ്യാഭ്യാസം, ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് ആശ്വാസം തുടങ്ങിയ സേവനങ്ങൾ ഉൾപ്പെടുന്നതാവണം പരിചരണ സേവനങ്ങളുടെ പാക്കേജെന്ന് പദ്ധതി മാർഗ്ഗരേഖയിൽ വ്യക്തമാക്കിയതാണ്.

ഗ്രാമ പഞ്ചായത്തിൽ കുടുംബശ്രീ സംവിധാനത്തിന്റെ സഹായത്തോടെ അഗതികളായി കണ്ടെത്തിയ കുടുംബങ്ങളുടെ പുനരധിവാസത്തിനായി പ്രോജക്ട് തയ്യാറാക്കുകയുണ്ടായി. ഇതു പ്രകാരം ഓരോ ഇനത്തിലും കൈവരിച്ച ലക്ഷ്യങ്ങൾ താഴെ ചേർക്കുന്നു.

| ഇനം | ഒന്നാം ഘട്ട പ്രോജക്ട് |
|---|---|
| പ്രൊജക്ടുപ്രകാരം ആകെ ഗുണഭോക്താക്കൾ | 116 |
| വീടുവയ്ക്കാൻ സ്ഥലം ആവശ്യമുള്ളവർ | 1 |
| നാളിതു വരെ ലഭിച്ചവർ | nil |
| വീട് ആവശ്യമുള്ളവർ | 11 |

| | |
|---|---|
| | |
| നാളിതു വരെ ലഭിച്ചവർ | 6 |
| വീട് റിപ്പയർ ആവശ്യമുള്ളവർ | 29 |
| നാളിതു വരെ ലഭിച്ചവർ | 1 |
| കക്കൂസ് ആവശ്യമുള്ളവർ | 12 |
| നാളിതു വരെ ലഭിച്ചവർ | nil |
| കുടിവെള്ളം ആവശ്യമുള്ളവർ | 25 |
| നാളിതു വരെ ലഭിച്ചവർ | 1 |
| കറന്റ് കണക്ഷൻ ആവശ്യമുള്ളവർ | 9 |
| നാളിതു വരെ ലഭിച്ചവർ | ഇല്ല |

ആശ്രയ 2013-16 കാലയളവിൽ ഒന്നാം ഘട്ട പ്രൊജക്റ്റിന്റെ കാലാവധി അവസാനിച്ചതു കൊണ്ട് 2016-19 കാലയളവിലുള്ള തുടർസേവന പ്രൊജക്ട് തയ്യാറാക്കിക്കൊണ്ടിരിക്കുകയാണെന്ന് അറിയിച്ചിട്ടുണ്ട്.

ആശ്രയയുടെ ബാങ്ക് അക്കൗണ്ടിൽ 31-10-2016ന 21,644രൂപ നീക്കിയിരിപ്പുണ്ട്. (പ്ലാൻ ഫണ്ട് നീക്കിയിരിപ്പായ 5000 രൂപയും പലിശ വരവും ചേർന്ന തുകയാണിത്. ചാലഞ്ച് ഫണ്ട് ഇനത്തിലെ നീക്കിയിരിപ്പായ 18,81,520 രൂപ പഞ്ചായത്തിന്റെ അക്കൗണ്ടിലാണുള്ളത്. )

അടിസ്ഥാന ആവശ്യങ്ങൾ നിറവേറ്റുന്നതിന് തെരഞ്ഞെടുത്ത ഗുണഭോക്താക്കളിൽ പലർക്കും ആശ്രയയിൽ നിന്നും ആനുകൂല്യം നൽകിയിട്ടില്ലെന്നു കാണുന്നു. കുടുംബശ്രീ ആവിഷ്കരിച്ച ക്ലേശ ഘടകങ്ങളെ പൂർണ്ണമായും ഉൾക്കൊള്ളാതെ അഗതി കുടുംബങ്ങളെ തെരഞ്ഞെടുത്തതിനാൽ പ്രത്യേക പരിഗണനക്ക് അർഹതയില്ലാത്തതിനാലും എന്നാൽ അർഹതയുള്ള വിഭാഗങ്ങളെ കണ്ടെത്തുന്നതിലുമുണ്ടായ വീഴ്ചയുമാവണം പദ്ധതി ലക്ഷ്യങ്ങളിൽ നിന്നും വ്യതിചലിക്കുന്ന സാഹചര്യമുണ്ടാക്കിയത്. ആശ്രയയിൽ വിവിധ ആനുകൂല്യങ്ങൾക്കായി വകയിരുത്തിയ തുകകളുടെ അപര്യാപ്തതയും ലക്ഷ്യം നേടുന്നതിന് തടസ്സമായി കാണാവുന്നതാണ്.

ആശ്രയ പദ്ധതി പ്രവർത്തനം വിലയിരുത്തുന്നതിനായി തദ്ദേശ ഭരണ സ്ഥാപനത്തിന്റെ പ്രസിഡണ്ട് അദ്ധ്യക്ഷനായി ഒരു ഉപസമിതി രൂപീകരിക്കാൻ പദ്ധതി മാർഗ്ഗരേഖയിൽ നിർദ്ദേശമുള്ളതാണ്. ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി ചെയർപേഴ്സൺ, തദ്ദേശ ഭരണ സെക്രട്ടറി, സി ഡി എസ് ചെയർപേഴ്സൺ,

മെഡിക്കൽ ഓഫീസർ, ഐ സി ഡി എസ് സൂപ്പർവൈസർ തുടങ്ങിയവർ അംഗങ്ങളായുള്ള ഉപസമിതി പദ്ധതി പ്രവർത്തനം വിലയിരുത്താനും ആയതിന്റെ റിപ്പോർട്ട് തദ്ദേശ സ്ഥാപനത്തിന്റെ ഭരണ സമിതി പരിശോധിക്കാനും നിർദ്ദേശമുള്ളതാണ്. പഞ്ചായത്ത് ഭരണസമിതി ഉപസമിതിയുടെ വിലയിരുത്തൽ റിപ്പോർട്ട് യഥാസമയം പരിശോധിച്ച് ഇടപെടൽ നടത്താതിരുന്നത് പദ്ധതി നടത്തിപ്പ് ഫലപ്രദമാകാതിരുന്നതിന് കാരണമായിട്ടുണ്ടെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. പദ്ധതിയിൽ പണം ഉണ്ടായിരിക്കുകയും ആവശ്യങ്ങൾ പരിഹരിക്കപ്പെടാത്തവർ പഞ്ചായത്തിൽ ഉണ്ടായിരിക്കുകയും ചെയ്തിട്ടും, പദ്ധതി നടപ്പാക്കാതെ സാങ്കേതിക ന്യായീകരണങ്ങളിൽ കുരുങ്ങിക്കിടക്കുന്നത് കുടുംബശ്രീ സംവിധാനത്തിന്റെ അടിസ്ഥാന സങ്കല്പത്തെ തന്നെ തകർക്കുന്ന നടപടിയാണ്.

ആശ്രയ തുടർ നടപടികൾ കൈക്കൊണ്ട വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-10 അക്വിറ്റൻസ് രജിസ്റ്റർ പരിപാലിക്കുന്നതിലെ അപാകതകൾ

ഗ്രാമ പഞ്ചായത്തിൽ ഉപയോഗിക്കുന്ന അക്വിറ്റൻസ് രജിസ്റ്ററുകളിലെ അപാകതകൾ താഴെ ചേർക്കുന്നു.

1) ജീവനക്കാരുടെ അക്വിറ്റൻസ് രജിസ്റ്റർ

ജീവനക്കാരുടെ അക്വിറ്റൻസ് രജിസ്റ്റർ പരിപാലിക്കുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ കേരള ട്രഷറി കോഡിൽ വിശദീകരിച്ചിട്ടുണ്ട്.ഈ നിർദ്ദേശങ്ങൾ പാലിക്കാതെയാണ് രജിസ്റ്റർ കൈകാര്യം ചെയ്യുന്നത്. പ്രധാന അപാകതകൾ താഴെ ചേർക്കുന്നു.

(1) തിയ്യതി വച്ച് ഒപ്പ് വയ്ക്കുന്നില്ല. *(ഉദാ:- Page 48,54,55,65,66,69,70,72, Vol.04/2014 to 10/2016)*

(2) രസീതി ഉപയോഗിച്ച് പണം വിതരണം ചെയ്യുമ്പോൾ രസീതിയിൽ പേര്, തസ്തിക എന്നിവ രേഖപ്പെടുത്തുന്നില്ല. രസീതിയിൽ സെക്രട്ടറി പേ ഓർഡർ രേഖപ്പെടുത്തുന്നില്ല, രസീതി പ്രകാരമാണ് വിതരണം ചെയ്തതെന്ന് രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല.

(3) ഏതു ബിൽ പ്രകാരമുള്ള തുകയാണ് വിതരണം ചെയ്യുന്നതെന്ന് വ്യക്തമാക്കുന്ന ബിൽ നമ്പർ, കാഷ് ചെയ്ത തിയ്യതി, ഏതു മാസത്തെ ശമ്പളം/ബത്ത എന്നീ വിവരങ്ങൾ രേഖപ്പെടുത്തുന്നില്ല.

(4) ബില്ലിലെ ക്രമത്തിലാണ രജിസ്റ്ററിൽ പേരുകൾ ചേർക്കേണ്ടതെങ്കിലും അപ്രകാരമല്ല ചെയ്യുന്നത്.

(5) ഓരോ ബില്ലിനും പ്രത്യേകം അക്വിറ്റൻസ് രേഖപ്പെടുത്തുന്നില്ല.

(6) KTC Rule 432 (d) പ്രകാരമുള്ള സാക്ഷ്യപത്രം ചേർത്തിട്ടില്ല.

(7) രജിസ്റ്ററിലെ ഓരോ പേജിലും സെക്രട്ടറി (Drawing Officer) സാക്ഷ്യപത്രം പൂരിപ്പിക്കേണ്ടത് സാക്ഷ്യപ്പെടുത്തിയിട്ടില്ല.

(8) ഓരോ ബില്ലിലെ തുകയും വിതരണം ചെയ്തു കഴിഞ്ഞ ശേഷം സംഗ്രഹം തയ്യാറാക്കിയിട്ടില്ല.

കൂടാതെ, *സ്ഥാപന* സോഫ്റ്റ്‌വെയർ ഉപയോഗിച്ചാണ് ശമ്പള ബില്ലുകൾ തയ്യാറാക്കുന്നതെങ്കിലും, ടി സോഫ്റ്റ്‌വെയർ പ്രകാരം ലഭ്യമായ അക്വിറ്റൻസ് റോൾ ഉപയോഗിക്കുന്നില്ലെന്നും കാണുന്നു.

2) ജനപ്രതിനിധികളുടെ അക്വിറ്റൻസ് രജിസ്റ്റർ

തുക പിൻവലിച്ച ചെക്ക് നമ്പരും തിയ്യതിയും, വിതരണം ചെയ്ത തിയ്യതിയും രേഖപ്പെടുത്തുന്നില്ല. കൂടാതെ പൂർണ്ണമായും വിതരണം ചെയ്തു കഴിഞ്ഞാൽ സംഗ്രഹം തയ്യാറാക്കുന്നുമില്ല.

(അപാകതകൾ തുടരാതെ ശ്രദ്ധിക്കുന്നതാണെന്ന വിശദീകരണം ലഭ്യമാക്കിയിട്ടുണ്ട്).

## 3-11 സാധനങ്ങളുടെയും സേവനങ്ങളുടെയും സമാഹരണം -ചട്ടങ്ങൾ

<u>പാലിക്കുന്നില്ല.</u>

പഞ്ചായത്ത് താഴെ പറയുന്ന വിധം വിവിധ സാധനങ്ങളും സേവനങ്ങളും പ്രതിവർഷവും സന്ദർഭാനുസരണവും സമാഹരിക്കുന്നുണ്ട്. എന്നാൽ കേരള സ്റ്റോർ പർച്ചേസ് മാനുവലിലേയും, G.O.(P)259/2010/LSGD Dt. 8-11-2010 പ്രകാരമുള്ള മാർഗരേഖയിലേയും പല നിർദേശങ്ങളും പാലിക്കുന്നതിൽ വീഴ്ച വന്നതായി കാണുന്നു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | വൌച്ചർ നം. | തുക | ചെലവു വിവരം | അപാകത |
|---|---|---|---|---|
| 1 | 21500185/ 25-6-15 | 18,100 | ജീപ്പിന്റെ 3 ടയറുകൾ മാറ്റിയത് | 1. പഴയ ടയറുകൾ എന്തു ചെയ്തുവെന്നു വ്യക്തമാക്കിയിട്ടില്ല.<br>2.ലോഗ് ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല. |
| 2 | 21500407/ 1-10-15 | 64,824 | വസ്തു നികുതി പരിഷ്കരണം- പ്രതിഫലം നല്കൽ.<br>(പ്രൊജക്റ്റ് നം. 7/16) | 1.ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല. |
| 3 | 21500472/ 27-10-15 | 91,611 | ഫോട്ടോ കോപ്പിയർ വാങ്ങിയത്.<br>(പ്രൊജക്റ്റ് നം.279/16 ) | 1. ആസ്തി രജിസ്റ്ററിൽ (IV ഫോറം 10) ചേർത്തിട്ടില്ല.<br>2.ഇൻവോയ്സ് കാൻസൽ ചെയ്യുകയോ, സ്റ്റോക്ക് എന്ട്രി, പാസ്സാക്കിയ തുക, സ്റ്റോക്കിന്റെ കൃത്യത എന്നിവ സംബന്ധിച്ച സാക്ഷ്യപത്രം അതിൽ രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല. 3.പഴയ ഫോട്ടോ കോപ്പിയർ എന്തു ചെയ്തുവെന്നു വ്യക്തമാക്കിയിട്ടില്ല. |
| 4 | 21500961/ 31-3-16 | 1,00,000 | പഞ്ചായത്ത് ഓഫീസിലേക്ക് അലമാര | 1. പ്രൊജക്റ്റ് പ്രകാരം സിഡ്കോയിൽ നിന്നും വാങ്ങിയ 7 അലമാരകൾക്കും സ്റ്റോക്ക് നം. |

| | | | | |
|---|---|---|---|---|
| | | | വാങ്ങിയത്.<br>(പ്രൊജക്ട് നം. 8/16) | നല്കിയിട്ടില്ല. അതിനാൽതതന്നെ ഇവ ഏതെല്ലാമാണെന്ന കാണിച്ചു തരുവാൻ പഞ്ചായത്ത് സ്റ്റാഫിന കഴിഞ്ഞിട്ടില്ല.<br>2. ഇവ ആസ്തി രജിസ്റ്ററിൽ (IV ഫോറം 10) ചേർത്തിട്ടില്ല.<br>3. പഴയതും ഉപയോഗ ശൂന്യമായതുമായ അലമാരകളും മേശകളും കൈയൊഴിഞ്ഞതിന രേഖകളില്ല. |
| 5 | 21500249/ 21-7-15 | 39,750 | ഗ്രാമ ലക്ഷ്മി മുദ്രാലയത്തിൽ നിന്നും ഓഫീസ് റജിസ്റ്ററുകളും ഫോറങ്ങളും വാങ്ങിയത് | സ്റ്റോർ പർച്ചേസ് മാനവൽ ഖണ്ഡിക 6.1,6.2 എന്നിവയിലും 1)പ്രൊക്യർമെന്റ് മാർഗരേഖയിലും നിർദേശിക്കുന്ന പ്രകാരമുള്ള ആവശ്യകത നിർണയിച്ചിട്ടില്ല.<br>2)സ്റ്റോക്കിലെടുത്തതിന്റെ വിവരം ഇൻവോയ്സിൽ രേഖപ്പെടുത്തിയിട്ടില്ല. ഇഷ്യൂ ചെയ്തതിന്റെയും വിവരങ്ങൾ ലഭ്യമല്ല. |
| 6 | 21500831/ 19-3-16 | 39,920 | ,, | ,, |
| 7 | 21500383/ 18-9-15 | 15,621 | ഓഫീസ് സ്റ്റേഷനറി വാങ്ങിയത് | ,,<br>3) വാർഷിക ആവശ്യകത കണക്കാക്കി ക്വട്ടേഷൻ/ ടെണ്ടർ ക്ഷണിച്ചിട്ടില്ല. |
| 8 | വിവിധ | 17,200 | ടോണർ റീഫിൽ | ,,(ക്രമ നം. 1 &3) |

| | | | | |
|---|---|---|---|---|
| | വൌച്ചറുകൾ | | | |
| 9 | ,, | 25,990 | പ്രിന്റിംഗ് ചാർജ് | ,, |
| | ആകെ | 4,13,016 | | |

സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനു വാർഷിക ആവശ്യകത കണക്കാക്കുകയും, അവ സംബന്ധിച്ച രേഖകൾ കൃത്യമായി സൂക്ഷിക്കുകയും ചെയ്യേണ്ടതാണ്. കൂടാതെ, ഉപയോഗ ശൂന്യമായ സാമഗ്രികൾ വാർഷികമായി ലേലം ചെയ്തു കൈയൊഴിയും ഓഫീസും പരിസരവും വൃത്തിയായി സൂക്ഷിക്കുകയും ചെയ്യേണ്ടത് , തദ്ദേശ സ്ഥാപനങ്ങളുടെ അനിവാര്യ ചുമതലകളിൽക്കൂടി ഉൾപ്പെടുന്നതിനാൽ, ഇക്കാര്യത്തിലെ അലംഭാവത്തിനു വിശദീകരണം ലഭ്യമാക്കേണ്ടതാണ്. (പഞ്ചായത്ത് കാര്യാലയത്തിനു മുമ്പിൽ കാലങ്ങളായി കിടക്കുന്ന തുരുമ്പിച്ച ട്രാക്റ്ററും, കരിങ്കല്ലുകളും ഇക്കാര്യത്തിൽ പ്രത്യേകം ശ്രദ്ധേയമാണ്.)

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 3-12 E-ടെണ്ടർ ഫോറം വില പഞ്ചായത്തു ഫണ്ടിൽ ലഭ്യമാക്കിയില്ല.

2015-16 വർഷത്തിൽ തൃക്കലങ്ങോട് ഗ്രാമ പഞ്ചായത്ത് E-Tender ചെയ്ത പി.എച്ച്.സി. കെട്ടിട നിർമാണം എന്ന പ്രവൃത്തിക്ക് 4പേർ പങ്കെടുത്തിട്ടുണ്ട്. ഇവയുടെ ടെണ്ടർ ഫോറം വിലയും സെക്യൂരിറ്റി ഡെപ്പോസിറ്റുകളും പഞ്ചായത്ത്ഫണ്ടിൽ വരവു വന്നിട്ടുണ്ടോ എന്നും, ഇല്ലെങ്കിൽ പഞ്ചായത്തിനു അർഹമായ ടെണ്ടർ ഫോറത്തിന്റെ വില, എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ അക്കൗണ്ടിൽ നിന്നും പഞ്ചായത്തു ഫണ്ടിൽ ലഭ്യമാക്കി, വിവരം അറിയിക്കേണ്ടതാണ്.

## 3-13 ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല

വി ഇ ഒ നിർവഹണം നടത്തിയ ഭവന നിർമ്മാണം (ജനറൽ),ഭവന നിർമ്മാണം (വനിത) എന്നീ പദ്ധതികൾ പ്രകാരം ധനസഹായം കൈപ്പറ്റിയ താഴെ പറയുന്ന ഗുണഭോക്താക്കൾ നാളിതു വരെ ഭവന നിർമ്മാണം പൂർത്തീകരിച്ച് മുഴുവൻ തുകയും കൈപ്പറ്റിയതായി കാണുന്നില്ല.

| പ്രോജക്റ്റ് നമ്പർ S00012/16 ഭവന നിർമ്മാണം (ജനറൽ) | |
|---|---|
| ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ തുക |
| അബ്ദുൽ മജീദ്.കെ.പി | 1,80.000/- |
| ഷീബ .സി | 80,000/- |
| ആയിഷ | 80,000/- |

| പ്രോജക്റ്റ് നമ്പർ S00013/16 ഭവന നിർമ്മാണം(വനിത) | |
|---|---|
| ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ തുക |
| സുലൈഖ എൻ.ടി | 80,000/- |
| മൈമൂന സി | 80,000/- |

ഈ വിഷയം സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നൽകിയതിന് (നം 16/15-12-16) ഭവന നിർമ്മാണം പൂർത്തീകരിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നതായി അറിയിച്ചിട്ടുണ്ട്.

ഭവന നിർമ്മാണം പൂർത്തിയാക്കിയ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. നിർമ്മാണം പൂർത്തീകരിക്കാത്ത പക്ഷം കൈപ്പറ്റിയ തുക തിരികെ ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 3-14 അർഹമായ നിരക്കിൽ SLI, GIS വരി ഈടാക്കിയില്ല.

ഗ്രാമ പഞ്ചായത്തിലെ ജീവനക്കാരുടെ മാർച്ച് 2015ലെ ശമ്പളം വിതരണം ചെയ്തപ്പോൾ അർഹമായ നിരക്കിൽ SLI, GIS തുടങ്ങിയവയുടെ വരിസംഖ്യ ഈടാക്കിയില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | പേര് | തസ്തിക | അടി. ശമ്പളം | ശമ്പള സ്കെയിൽ | GIS | | SLI | |
|---|---|---|---|---|---|---|---|---|
| | | | | | അർഹം | കിഴിച്ചത് | അർഹം | കിഴിച്ചത് |
| 1 | ശ്രീ.പി.പി.രാഘവൻ | അസി. സെക്രട്ടറി | 19740 | 16180-29180 | 200 | 200 | 375 | 250 |
| 2 | ശ്രീമതി. അസീന. സി | ഹെഡ് ക്ലാർക്ക് | 16980 | 14620-25280 | 200 | 200 | 225 | 175 |
| 3 | ശ്രീ. സജികുമാർ. കെ. എസ്. | അക്കൌണ്ടന്റ് | 15780 | ,, | 200 | 200 | ,, | 150 |
| 4 | ശ്രീമതി. പുഷ്പവല്ലി | സീനിയർ ക്ലാർക്ക് | 16180 | 13900-24040 | 200 | 500 | ,, | 150 |
| 5 | ശ്രീ. വിനേഷ്. എം | ,, | 13540 | 13210-22360 | 200 | 200 | ,, | 200 |
| 6 | ശ്രീമതി. ദേവയാനി | ക്ലാർക്ക് | ,, | 9940-16580 | 200 | 150 | ,, | 150 |
| 7 | ശ്രീമതി. താജുന്നിസബീഗം | ,, | 10210 | ,, | 200 | - | ,, | - |
| 8 | ശ്രീ. ജിനീഷ്.കെ | ,, | ,, | ,, | 200 | 200 | ,, | - |
| 9 | ശ്രീ. സുരേഷ് ബാബു.എ. | ഓ. എ. | 9690 | 8730-13540 | 150 | 100 | ,, | 200 |
| 10 | ശ്രീ. യു.പ്രേമരാജൻ. | സെക്രട്ടറി | 19240 | -- | 200 | 200 | 375 | 250 |

GO(P) 104/12/Fin. dt. 9-2-12 പ്രകാരം 1-4-12 പ്രാബല്യത്തിൽ പുതുക്കിയ SLI നിരക്കും, GO(P)381/11/Fin. dt. 6-9-11 പ്രകാരം 1-9-11 പ്രാബല്യത്തിൽ പുതുക്കിയ GIS നിരക്കുമാണ് മുകളിൽ കാണിച്ചത്. ടി നിരക്കിൽ വിഹിതം ഒടുക്കാത്തതിനു വിശദീകരണം ആവശ്യപ്പെട്ടതിന്, അപാകതകൾ പരിഹരിച്ചു കൊണ്ടിരിക്കുകയാണെന്ന മറുപടി ലഭിച്ചിട്ടുണ്ട്. ആയതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്.

## 3-15 അസിസ്റ്റന്റ് എഞ്ചിനീയറുടെ പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ

തൃക്കലങ്ങോട് ഗ്രാമ പഞ്ചായത്തിൽ 2015-16 വർഷം അസിസ്റ്റന്റ് എഞ്ചിനീയർക്ക് നിർവ്വഹണത്തിനായി 216 പ്രൊജക്ടുകൾ തയ്യാറാക്കുകയും, അതിൽ 185 പ്രവൃത്തികൾ നിർവ്വഹണം നടത്തുകയും ചെയ്തിട്ടുണ്ട്. താരതമ്യേന വലിയ പഞ്ചായത്താണെങ്കിലും,സ്ഥിരം ജീവനക്കാരായി ഒരു അസിസ്റ്റന്റ് എഞ്ചിനീയറും ഒരു ഓവർസിയറും മാത്രമേ ഉള്ളൂ എന്ന യാഥാർഥ്യം നില നിൽക്കേതന്നെ, പദ്ധതി നിർവ്വഹണത്തിലും രേഖകളുടെ സൂക്ഷിപ്പിലും സംഭവിച്ചിട്ടുള്ള താഴെ വിവരിക്കുന്ന അപാകതകൾ ശ്രദ്ധയിൽപ്പെടുത്തുന്നു.

1) എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ അടിസ്ഥാനമാക്കുന്ന Schedule of Rate ഏതെന്നു വ്യക്തമാക്കാതെ,

Current Scheduleof Rate-ലാണ് തയ്യാറാക്കിയതെന്നാണ് രേഖപ്പെടുത്തുന്നത്. കൂടാതെ, Data തയ്യാറാക്കുന്നുമില്ല. പകരം Approved Rate എന്നു രേഖപ്പെടുത്തി അന്തിമ നിരക്ക് മാത്രം കാണിച്ചിരിക്കുകയാണ്. DSR item Code പോലും പലതിലും രേഖപ്പെടുത്തിയിട്ടില്ല. കൂടാതെ, സൈറ്റ് പ്ലാൻ, മറ്റു ഡ്രോയിങ്ങുകൾ എന്നിവ എല്ലാ പ്രവൃത്തികളുടെ ഫയലിലും ഇല്ല. സൈറ്റ് പ്ലാൻ പലതും അപൂർണമാണ്, അതായത്, പ്ലാൻ മാത്രം നോക്കി പ്രവൃത്തികളുടെ ലൊക്കേഷൻ കണ്ടെത്താൻ സാധിക്കുകയില്ല. ഇത് ക്രമവിരുദ്ധമായ നടപടിയായതിനാൽ, പ്രസ്തുത വിവരങ്ങൾ വ്യക്തമായി രേഖപ്പെടുത്തേണ്ടതാണ്.

2) ബിൽ, അളവു പുസ്തകം എന്നിവയിൽ Memorandum of Payment രേഖപ്പെടുത്തുന്നില്ല. രേഖപ്പെടുത്തിയവയിൽത്തന്നെ, ചലാൻ, ഡി.ഡി, ചെക്ക് എന്നിവയുടെ വിവരങ്ങൾ ചേർക്കുകയോ, അസിസ്റ്റന്റ് എഞ്ചിനീയർ സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടുമില്ല. ഇക്കാരണങ്ങൾ കൊണ്ടു തന്നെ, നികുതികളും ക്ഷേമനിധി വിഹിതവും ഒടുക്കിയതിന്റെ കൃത്യത ലഭ്യമല്ല. ട്രഷറി ബില്ലിന്റെ ഫേസിങ് ഷീറ്റും സാങ്ഷൻ ഓർഡറും പല പ്രവൃത്തികളുടെയും ഫയലിൽ കാണുന്നില്ല. ഉള്ളവയിൽത്തന്നെ, സാങ്ഷൻ ഓർഡറിന്റെ നമ്പരും തിയ്യതിയും ചേർക്കുന്നുമില്ല. *(ഉദാ:- പുലത്ത് ശ്മശാന പുനരുദ്ധാരണം (പ്രൊജക്ട് നം. 16/16) പ്രവൃത്തിയുടെ നി.തൊ. ക്ഷേമനിധി ഒടുക്കുവാൻ വേണ്ടി എടുത്തു വച്ച 10,000 രൂപയുടെ ഡി.ഡി. ഫയലിൽ കിടക്കുന്നതായി ഓഡിറ്റ് സമയത്തും കാണുന്നു. കൂടാതെ, ആമയൂർ അംഗനവാടി (പ്രൊജക്ട് നം.63/16) എന്ന പ്രവൃത്തിയുടെ അവസാനഗഡു 1,81,231 രൂപ നല്കിയപ്പോൾ കിഴിവു വരുത്തേണ്ട അർഹമായ നികുതി വിഹിതങ്ങളായ 13,677 രൂപ (5+2+1= 8%) കുറവു ചെയ്തിരുന്നില്ല. ആയത് ഓഡിറ്റ് സമയത്തു (17-12-16ന് രസീതി നം. 11601106521പ്രകാരം) മാത്രമാണ് ഈടാക്കിയത്. . അതു പോലെ, ഹോമിയോ ഹോസ്പിറ്റൽ കുടിവെള്ളം (പ്രൊജക്ട് നം.198/16) എന്ന പദ്ധതിയിൽ ആകെ ചെലവു 41,140 രൂപയാണ്. ഇതിൽ നി.തൊ. ക്ഷേമനിധി വിഹിതം 411 രൂപ മാത്രമായിരിക്കേ ഫയലിൽ സൂക്ഷിച്ചിട്ടുള്ളത് 23,575 രൂപയുടെ ഡി.ഡി.യുടെ ഫോട്ടോ സ്റ്റാറ്റാണ്. ഇത് മറ്റു 13 പ്രവൃത്തികളുടെ ഉൾപ്പെടെയുള്ള തുകയാണെന്നു വിശദീകരിച്ചിട്ടുണ്ട്. )*

3) തൻവർഷം 3,82,22,947 രൂപ ചെലവഴിച്ച് 185 പ്രൊജക്ടുകൾ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയിട്ടുണ്ടെങ്കിലും, ഇതു വഴി ആർജ്ജിച്ചതോ മൂല്യ വർധന വരുത്തിയതോ ആയ ആസ്തികളുടെ വിവരങ്ങൾ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല. ഇവയിൽ ചില പ്രവൃത്തികളുടെ തുടർ പ്രവൃത്തികൾ വരും വർഷങ്ങളിൽ നടത്തിയാൽ മാത്രമേ അവ ഉപകാരപ്പെടുകയുള്ളൂ. അപ്രകാരം തുടർ പ്രൊജക്ടുകൾ തയ്യാറാക്കാനും ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തൽ ആവശ്യമാണ്.

*( ഉദാ:-ഹോമിയോ ഹോസ്പിറ്റൽ കുടിവെള്ളം (പ്രൊജക്ട് നം.198/16) )*

ആസ്തി രജിസ്റ്ററിൽ വിവരങ്ങൾ ചേർക്കുവാനാവശ്യമായ യൂസർ നെയിം, പാസ്‌വേഡ് എന്നിവ ലഭ്യമായിട്ടില്ലെന്നാണ് മറുപടി തന്നത്. ഇക്കാര്യത്തിൽ ആവശ്യമായ ക്രമീകരണങ്ങൾക്കായി സെക്രട്ടറിക്ക് കത്തു നൽകേണ്ടതാണ്.

മേൽ അപാകതകൾ തുടരാതിരിക്കാൻ ശ്രദ്ധിക്കേണ്ടതും, പരിഹരിക്കേണ്ടവ പരിഹരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 3-16 ഗുണഭോക്തൃ സമിതികൾ മുഖേനയുള്ള മരാമത്ത് പണികളിലെ അപാകതകൾ

തൃക്കലങ്ങോട് ഗ്രാമ പഞ്ചായത്തിൽ 2015-16 വർഷം ഭൂരിഭാഗം മരാമത്ത് പണികളുടെയും നിർവ്വഹണം നടത്തിയത് ഗുണഭോക്തൃ സമിതികൾ മുഖേനയാണ്. 1997- ലെ കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങളിലെ ചട്ടം 13-ൽ അനുശാസിക്കുന്ന നടപടിക്രമങ്ങളും 1999-ലെ ഗുണഭോക്തൃ സമിതി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങളും 12-ാംപദ്ധതി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങളും പൂർണ്ണമായി പാലിക്കാതെയാണ് മരാമത്ത് പണികൾ നടത്തിയിട്ടുള്ളത്. ഗുണഭോക്തൃ സമിതി രൂപീകരണം,സാങ്കേതിക വിദഗ്ധനെ നിയോഗിക്കൽ,മസ്റ്റർ റോൾ സൂക്ഷിപ്പ്, നിർമ്മാണ സാധനങ്ങൾ

വാങ്ങൽ, യോഗം ചേരൽ, പ്രവൃത്തികളുടെ പുരോഗതി വിലയിരുത്തൽ തുടങ്ങിയ നടപടിക്രമങ്ങളിൽ വീഴ്ച വരുത്തിയതായി കാണുന്നു.

ശ്രദ്ധയിൽപ്പെട്ട പ്രധാന അപാകതകൾ താഴെ കൊടുക്കുന്നു.

1. സർക്കാർ ഉത്തരവ് നമ്പർ(എം.എസ്) 275/2008/ത.സ്വ.ഭ.വ,തീയതി 13-10-2008 പ്രകാരം മരാമത്ത് പണികൾക്കാവശ്യമായ ബിറ്റുമിൻ കൊച്ചി, മംഗലാപുരം എന്നിവിടങ്ങളിലെ പൊതു മേഖല എണ്ണ കമ്പനികളിൽ നിന്ന് വാങ്ങണമെന്നാണ് സർക്കാർ നിർദ്ദേശിച്ചിട്ടുള്ളത്. ചില നിബന്ധനകൾക്ക് വിധേയമായി സിഡ്കോയിൽ നിന്നും ബിറ്റുമിൻ വാങ്ങുന്നതിനും സർക്കാർ അനുമതിയുണ്ട്. ( 14-04-2010-ലെസർക്കാർ ഉത്തരവ് നമ്പർ(ആർ.ടി )1320/2010/ത.സ്വ.ഭ.വ )

എന്നാൽ ഗ്രാമ പഞ്ചായത്തിൽ ഗുണഭോക്തൃ സമിതികൾ മുഖേന നടപ്പിലാക്കിയ ഏതാനും റോഡ് പ്രവൃത്തികൾക്ക് പഞ്ചായത്ത് മുൻവർഷം ബിറ്റുമിൻ വാങ്ങി നല്കിയതല്ലാതെ, മറ്റുള്ളവയ്ക്ക് ബിറ്റുമിൻ വാങ്ങിയതിന്റെ രേഖകൾ ലഭ്യമല്ല. (ഉദാഹരണം:- പ്രൊജക്ട് നം. 187/16 ,കണ്ടാലപ്പെറ്റ- പരപ്പിൽ റോഡ്).അതിനാൽ ഇത്തരം പ്രവൃത്തികളിൽ ഗുണഭോക്തൃ സമിതിക്ക് ബിറ്റുമിൻ ലഭ്യമായ കുറഞ്ഞ വില കണക്കിലെടുക്കാതെ, എസ്റ്റിമേറ്റിൽ കണക്കാക്കിയ നിരക്കിൽ തുക അനുവദിച്ചതിനാൽ, ഗുണഭോക്തൃ സമിതികൾ വഴിയുള്ള പ്രവൃത്തി കൊണ്ട് ലക്ഷ്യമാക്കുന്ന അടിസ്ഥാന ലക്ഷ്യമായ ചെലവ് ചുരുക്കൽ (ലാഭം) പഞ്ചായത്തിനു നഷ്ടപ്പെട്ടിരിക്കുകയാണ്. ഈയിനത്തിൽ വൻതുക പഞ്ചായത്തിനു നഷ്ടം സംഭവിച്ചിട്ടുണ്ട്.

2. 1999-ലെ ഗുണഭോക്തൃ സമിതി മാർഗ്ഗ രേഖ പ്രകാരം ഗുണഭോക്തൃ സമിതികൾ മുഖേനയുള്ള പ്രവൃത്തികൾക്ക് നിർമ്മാണ സാധനങ്ങൾ വാങ്ങുമ്പോൾ സാധനങ്ങളുടെ അളവ്, നിരക്ക്, മൊത്തം വില, തിയ്യതി എന്നിവ രേഖപ്പെടുത്തിയ കാഷ് ബില്ലോ രശീതിയോ വേണം. സാധനങ്ങൾ അംഗീകൃത സ്ഥാപനങ്ങളിൽ നിന്നോ ഡീലർമാരിൽ നിന്നോ മാത്രമേ വാങ്ങാവൂ എന്നും നിഷ്കർഷിച്ചിട്ടുള്ളതാണ്. അംഗീകൃത ക്രഷർ യൂണിറ്റുകളിൽ നിന്നും മെറ്റൽ, എം.സാൻഡ് എന്നിവ വാങ്ങുമ്പോൾ വാറ്റ് ബിൽ നിർബന്ധമായും ഫയലിൽ സൂക്ഷിക്കേണ്ടതും മണൽ ലഭ്യമായ പഞ്ചായത്തുകളിൽ നിന്നും പാസ് മുഖേന പ്രവൃത്തികൾക്ക് മണൽ ലഭ്യമാക്കേണ്ടതും പാസുകൾ ഫയലിൽ സൂക്ഷിച്ച് പരിശോധനക്ക് ലഭ്യമാക്കേണ്ടതുമാണ്. എന്നാൽ സിമന്റ്,കമ്പി,ടൈൽസ് ഒഴികെയുള്ള നിർമ്മാണ വസ്തുക്കൾ വാങ്ങിയതിന് വെള്ള കടലാസിൽ എഴുതിയ കൈപ്പറ്റ് രശീതി മാത്രമാണ് ഫയലിൽ ലഭ്യമായിട്ടുള്ളത്.മാത്രമല്ല സിമന്റ്, കമ്പി, ടൈൽസ് എന്നിവ വാങ്ങിയതിന്റെ ബില്ലുകൾ വാറ്റ് ബില്ലുകൾ അല്ല. ഇപ്രകാരം ആധികാരിക രേഖകളുടെ പിൻബലമില്ലാതെയാണ് കൺവീനർമാർക്ക് ബിൽ തുക നൽകിയത്

3. ഗുണഭോക്തൃ സമിതികളുടെ പ്രവൃത്തി ചെയ്യാനുള്ള സാമ്പത്തിക ശേഷിയും സാങ്കേതിക- സംഘാടന പരിചയവും പരിശോധിച്ച് ഉറപ്പ് വരുത്തിയിട്ടില്ല.

4. ഗുണഭോക്തൃ സമിതിയുടെ ചെയർമാനും കൺവീനറും അംഗങ്ങളും പ്രൊജക്റ്റിൽ പറഞ്ഞിട്ടുള്ള ഗുണഭോക്തൃ പ്രദേശത്തെ നിവാസികൾ തന്നെയാണെന്ന് ഗ്രാമ പഞ്ചായത്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

5. ഗുണഭോക്തൃ സമിതികൾ ആഴ്ചയിലൊരിക്കൽ യോഗം ചേർന്ന് പ്രവൃത്തിയുടെ പുരോഗതി വിലയിരുത്തണമെന്ന നിർദ്ദേശം പാലിച്ചിട്ടില്ല.

6. മസ്റ്റർ റോളുകളിൽ തൊഴിലാളികളുടെ പൂർണ്ണമായ വിവരങ്ങൾ ചേർക്കുകയോ, തീയതി രേഖപ്പെടുത്തി ഒപ്പ് വെയ്പിക്കുകയോ ചെയ്യുന്നില്ല.

7. പ്രവൃത്തിയുടെ കൺവീനർ എന്ന കപ്പാസിറ്റിയിൽ പാൻകാർഡ് എടുക്കാത്തപക്ഷം കൺവീനറിൽ നിന്നും 20% ആദായനികുതി ഈടാക്കി അടവാക്കേണ്ടതുണ്ട്.എന്നാൽ, ഒരു പ്രവൃത്തിയിലും ആദായനികുതി ഈടാക്കിയിട്ടില്ല.

8. പ്രവൃത്തി നിർവ്വഹണത്തിനാവശ്യമായി വരുന്ന എല്ലാ പണമിടപാടുകളും ബാങ്ക് അക്കൌണ്ട് മുഖേനയാണ് നടത്തേണ്ടതെങ്കിലും, അപ്രകാരം ചെയ്തിട്ടില്ല. ബാങ്ക് അക്കൌണ്ട് തുടങ്ങിയ ഏതാനും ചിലർ തന്നെ മറ്റു ഇടപാടുകളൊന്നും അതിലൂടെ നടത്തിയിട്ടില്ല.

ഇത്തരം നിബന്ധനകൾ ഉൾപ്പെടുത്തിയിട്ടുള്ള കരാർ ഉടമ്പടി ഒപ്പു വച്ചു നൽകിയിട്ടും അവ പാലിച്ചിട്ടുണ്ടോ എന്നു പരിശോധിക്കാതെ തുക അനുവദിച്ചതിനും, നടപടിക്രമങ്ങളും സർക്കാർ നിർദ്ദേശങ്ങളും പാലിക്കാതിരുന്നതിനും വ്യക്തമായ വിശദീകരണം നല്കേണ്ടതാണ്, എന്നാവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറിക്ക് ലഭിച്ച മറുപടിയിൽ ഇത്തരം അപാകതകൾ പരിഹരിച്ചിട്ടുണ്ടെന്നും, തുടരാതിരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്.

തുടർ നിരീക്ഷണത്തിനായി ഈ പരാമർശം റിപ്പോർട്ടിൽ ഉൾപ്പെടുത്തുന്നു.

## 3-17 ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്- ബ്ലോക്ക്/ജില്ലാ പഞ്ചായത്ത് വിഹിതം വകയിരുത്തുന്നില്ല

16-11-2013-ലെ ജി.ഒ.(എം.എസ്) 362/2013/ത.സ്വ.ഭ.വ നമ്പർ സബ്സിഡി മാർഗ്ഗ രേഖയിൽ ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് 'നൽകുന്നതിനായി തയ്യാറാക്കുന്ന പ്രൊജക്റ്റുകളുടെ ധനസഹായ വിഹിതം ഗ്രാമ,ബ്ലോക്ക്,ജില്ലാ പഞ്ചായത്തുകൾ യഥാക്രമം 50:25:25 എന്ന അനുപാതത്തിൽ വഹിക്കേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുള്ളതാണ്. എന്നാൽ 2015-16 -ൽ വികലാംഗ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിനായി തയ്യാറാക്കിയ പ്രൊജക്റ്റുകളിൽ ഈ നിബന്ധന പാലിച്ചിട്ടില്ല. ഹെഡ് മാസ്റ്റർ നിർവ്വഹണം നടത്തിയ മേൽ പ്രോജക്റ്റുകളുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| പ്രോജക്റ്റ് നമ്പർ/പേര് | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ബിൽ നമ്പർ/ചെക്ക് നമ്പർ/തീയതി |
|---|---|---|---|
| 247/16<br>വികലാംഗ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 8,47,000(വികസന ഫണ്ട്)<br>1,27,816 (തനത് ഫണ്ട്)<br>25,184 (ബ്ലോക്ക് വിഹിതം)<br>10,00,000 | 8,47,000<br>1,27,816<br>25,184<br>10,00,000 | 3/15-16/28-03-16<br>3859634/17-03-16<br>1/15-16/26-10-15 |
| 249/16<br>എസ്.സി വികലാംഗ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 2,50,000(വികസന ഫണ്ട് എസ്.സി.പി) | 2,07,600<br>9,600<br>2,17,200 | 5/15-16/28-03-16<br>6/15-16/30-03-16 |

| | | | |
|---|---|---|---|
| | | | |

മേൽ പ്രോജക്റ്റുകൾക്കായി ബ്ലോക്ക്/ ജില്ലാ പഞ്ചായത്ത് വിഹിതം വകയിരുത്താത്തതിനാൽ ഗ്രാമ പഞ്ചായത്തിന്റെ പദ്ധതി വിഹിതത്തിൽ നിന്നും മുഴുവൻ തുകയും ചെലവഴിക്കേണ്ട സ്ഥിതിയാണ്. മറ്റു പ്രോജക്റ്റുകൾക്കായി നീക്കി വെക്കാവുന്ന തുക ഇപ്രകാരം നഷ്ടപ്പെടുന്നത് ഭരണ സമിതിയുടെ ശ്രദ്ധയിൽ പെടുത്തുന്നു. ഭാവിയിൽ ഇത്തരം പ്രോജക്റ്റുകൾ തയ്യാറാക്കുമ്പോൾ ബ്ലോക്ക്/ ജില്ലാ പഞ്ചായത്ത് വിഹിതം 25:25 എന്ന അനുപാതത്തിൽ നിർബന്ധമായും വകയിരുത്തേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| വണ്ടൂർ ബ്ലോക്ക് പഞ്ചായത്ത് | 2015-16 | 25,184 | വികലാംഗ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 25,184 | ഇല്ല |

## 4-2 നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഇല്ല

## 4-5 സ്ഥിരനിക്ഷേപങ്ങൾ:

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 1698540 |
| തൻവർഷം നിക്ഷേപിച്ച തുക | 162649 |
| ആകെ | 1861189 |
| തന്നാണ്ടിൽ പിൻവലിച്ച തുക | - |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 1861189 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| കേരള ഗ്രാമീൺ ബാങ്ക്, എളങ്കൂർ ശാഖയിൽ ഫിക്സഡ് ഡെപ്പോസിറ്റ് | 1827555 |

| | |
|---|---|
| നമ്പർ-40193201200126 | |
| കേരള ഗ്രാമീൺ ബാങ്ക്, എളങ്കൂർ ശാഖയിൽ ഫിക്സഡ് ഡെപ്പോസിറ്റ് നമ്പർ-40193201300092 | 33634 |
| ആകെ | 1861189 |

## 4-6 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നമ്പർ/ തീയതി |
|---|---|---|---|---|
| 11-12, 12-13 | 2(4) | 150 | ശ്രീ.ബാലനാരായണൻ, അസി.സെക്രട്ടറി | 11501102303/11-09-15 |
| -ടി- | 2(4) | 150 | ശ്രീ.ജയരാജൻ, പി.ടി.എസ് | 11501102304/11-09-15 |
| -ടി- | 2(4) | 250 | ശ്രീമതി.ഗീത.സി, ഐ.സി.ഡി.എസ് സൂപ്പർവൈസർ | 11501102349/14-09-15 |
| -ടി- | 2(3) | 2500 | മാനേജർ, മാവേലി സ്റ്റോർ, തൃക്കലങ്ങോട് | 11501102467/19-09-15 |
| -ടി- | 2(4) | 1250 | മാനേജർ, കനറ ബാങ്ക്, തൃക്കലങ്ങോട് | 1150140002/07-08-15 |
| -ടി- | 2(4) | 250 | ശ്രീ.സുരേഷ് കുമാർ, എച്ച്.സി | 11501104918/27-01-16 |
| -ടി- | 2(6) | 150 | ശ്രീ.സുബൈർ.ഇ.കെ | 11501105381/24-02-16 |
| -ടി- | 3(22) | 2125 | ശ്രീമതി.പി.കെ.മൈമൂന ടീച്ചർ | 11501103047/15-10-15 |
| -ടി- | 3(23) | 1810 | മെമ്പർമാർ | 11501103029/15-10-15 മുതൽ 11501103046/15-10-16 വരെ |
| 2008-09 | 3(4) | 7372 | ശ്രീ.സോളമൻ സേവ്യർ, സെക്രട്ടറി | 11501105625/26-02-16 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓ ഡിറ്റ് ഖണ്ഡികകൾ

ഇല്ല

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 51855476 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 71778242 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല. |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 8,950 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 29,24,914 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | - | 3800 | ഡോ.ഹീര, മെഡിക്കൽ ഓഫീസർ (PHC) |
| 3-2 | - | 1650<br>1250 | -ടി-<br>ഡോ.,സഞ്ജു മെഡിക്കൽ ഓഫീസർ (PHC) |
| 3-3 | - | 2250 | ശ്രീ.വേണു, സെക്രട്ടറി |

ആകെ - 8,950

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-4 | 21,75,602 | ശ്രീമതി.സൽമാ ബീവി, സെക്രട്ടറി |
| 3-5 | 4,20,000 | ശ്രീ.ബാലനാരായണൻ, അസി. സെക്രട്ടറി |
| 3-6 | 1,39,000 | -ടി- |
| 3-7 | 120473 | ഡോ.,സഞ്ജു മെഡിക്കൽ ഓഫീസർ (PHC) |
| 3-8 | 69839 | ശ്രീ.വേണു, സെക്രട്ടറി (57,757)<br>ശ്രീമതി.സൽമാ ബീവി, സെക്രട്ടറി (12,082 ) |

ആകെ - 29,24,914

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം: ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ:
3-2

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഡോ.ഹീര, മെഡിക്കൽ ഓഫീസർ (PHC) | ലഭ്യമല്ല | മൂത്തേടത്ത് പാലിശ്ശേര് മന, കരിക്കാട്, തൃക്കലങ്ങോട്, മഞ്ചേരി |
| ഡോ.,സഞ്ജു മെഡിക്കൽ ഓഫീസർ (PHC) | -ടി- | -ടി- |

| | | |
|---|---|---|
| ശ്രീ.വേണു, സെക്രട്ടറി | -ടി- | അളകനന്ദ, ടി.ടി-ഒ റോഡ്, മലപ്പുറം 676 505 |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1996-97 | എൽ.എഫ്.എം15/509/2000 തീയ്യതി 23.10.2010 | 2 | |
| 1997-98 | എൽ.എഫ്.എം6/1359/2007 തീയ്യതി 23.10.2010 | 33 | |
| 1998-99 | എൽ.എഫ്.എം15/979/2001 തീയ്യതി 23.10.2010 | 33 | |
| 1999-00 (വരവ്) | എൽ.എഫ്.എം6/1779/2007 തീയ്യതി 23.10.2010 | 8 | |
| 2000-01 (വരവ്) | എൽ.എഫ്.എം6/1780/2007 തീയ്യതി 23.10.2010 | 9 | |
| 2001-02 (വരവ്) | എൽ.എഫ്.എം6/1781/2007 തീയ്യതി 23.10.2010 | 11 | |
| 1999-2002 (ചെലവ്) | എൽ.എഫ്.എം6/51537/2007 തീയ്യതി 23.10.2010 | 60 | |
| 2002-03 | എൽ.എഫ്.എം6/51782/2007 തീയ്യതി 23.10.2010 | 15 | |
| 2003-04 | എൽ.എഫ്.എം6/1972(2)/2007 തീയ്യതി 23.10.2010 | 57 | |
| 2004-05 | എൽ.എഫ്.എം6/1736/2008 തീയ്യതി 23.10.2010 | 16 | |
| 2005-06 | എൽ.എഫ്.എം6/1737/2008 തീയ്യതി 13.2.2009 | 8 | |
| 2006-07 | എൽ.എഫ്.എം6/1694/2009 തീയ്യതി 24.12.2009 | 30 | |
| 2007-08 | എൽ.എഫ്.എം8/1486/2011 തീയ്യതി 12.6.12 | 15 | |
| 2008-09 | എൽ.എഫ്.എം8/1487/2011 തീയ്യതി 21.5.12 | 17 | |
| 2009-10 | എൽ.എഫ്.എം5/793/2013 തീയ്യതി 16.5.13 | 12 | |

| | | | |
|---|---|---|---|
| 2010-11 | | | |
| 2011-12, 2012-13 | കെ.എസ്.എ.എം.പി.എം5/914/2015 തീയ്യതി 13.04.16 | 28 | |
| 2013-14, 2014-15 | കെ.എസ്.എ.എം.പി.എം5/1579/2016 തീയ്യതി 14.1.16 | 26 | |

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ്

വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,

മലപ്പുറം.

# 5

## അനുബന്ധം

ഓഡിററ് സർട്ടിഫിക്കററ്

കെ.എസ്.എ-എം.പി.എം.5/3398/2016

കേരള സംസ്ഥാന ഓഡിറ്റ്

വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,

മലപ്പുറം.

പിൻ- 676 505 ഫോൺ: 0483

2734951

ഇ-മെയിൽ:

dompm.ksad@kerala.gov.in

തീയതി :07-02-2017

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആൻറ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും മലപ്പുറം ജില്ലയിലെ തൃക്കലങ്ങോട് ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെൻറ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ തൃക്കലങ്ങോട് ഗ്രാമ പഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,

ജില്ലാ ഓഡിറ്റ് കാര്യാലയം,

മലപ്പുറം.

AUDIT CERTIFICATE

KSA-MPM.5/3398/2016

Kerala State Audit
Department,
District Audit Office, Malappuram.
PIN- 676 505 Phone: 0483 2734951
Email- dompm.ksad@kerala.gov.in

Dated 07.02.2017

Certified that I have audited the Annual Financial Statement of THRIKKALANGODE GRAMA PANCHAYAT in Malappuram District for the year 2015-16 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion the Financial Statements of Thrikkalangode Grama Panchayat for the year 2015-16 except the observations in my audit report properly present the picture of income and expenditure

DEPUTY DIRECTOR,

DISTRICT AUDIT OFFICE,

MALAPPURAM.